# TAB

# Trichur Archdiocesan Bulletin

Estd. 1887
ARCHDIOCESE OF TRICHUR

2021 ഫെബ്രുവരി  വാല്യം: 88  ലക്കം: 02



യേശു പരീക്ഷിക്കപ്പെട്ട മരുഭൂമി
(Mount of Temptation-Judean Desert)

മരുഭൂമിയിലെ പരീക്ഷ (മത്താ. 4 : 1 – 11)

# ആദരാഞ്ജലികൾ



## റവ. ഫാ. ചാലയ്ക്കൽ ലൂയിസ്

**ജനനം : 13.05.1937   തിരുപ്പട്ടം : 11.03.1963   മരണം : 15.01.2021**




Trichur Archdiocesan Bulletin
TAB

ഫെബ്രുവരി 2021

ലക്കം:2 വാല്യം: 88

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| സർക്കുലർ | 4 |
| കച്ചേരിക്കാര്യം | 13 |
| നാളാഗമം | 16 |
| നാമകരണ നടപടികൾ | 20 |
| പാലയൂർ തീർത്ഥകേന്ദ്രം | 24 |
| വൈദികർ | 25 |
| സന്യസ്തർ | 29 |
| വിശ്വാസപരിശീലനം | 32 |
| സ്ഥാപനങ്ങൾ | 38 |
| സംഘടനകൾ | 55 |

# സർക്കുലർ

## വി. യൗസേപ്പിതാവിന്റെ വർഷം

01/2021 / 01.01.2021 C- 1

മിശിഹായിൽ പ്രിയ ബഹു. വൈദികരെ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ആഗോളസഭയുടെ മധ്യസ്ഥനായി വി. യൗസേപ്പിതാവിനെ ഒമ്പതാം പീയൂസ് മാർപ്പാപ്പ പ്രഖ്യാപിച്ചതിന്റെ 150–ാം വാർഷികത്തോടനുബന്ധിച്ച് 2020 ഡിസംബർ എട്ടാം തീയതി മുതൽ 2021 ഡിസംബർ എട്ടാം തീയതി വരെ വി. യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണ്. ആയതിന്റെ തൃശൂർ അതിരൂപതാതല ഉദ്ഘാടനം 2021 ജനുവരി 3–ന് ഞായറാഴ്ച്ചയാണ് നടത്തുന്നത്.

വി. യൗസേപ്പിതാവിന്റെ വർഷം ഉദ്ഘാടനത്തിന്റെ ഭാഗമായി അതിരൂപതയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സാധിക്കുന്ന സമർപ്പിത ഭവനങ്ങളിലും സ്ഥാപനങ്ങളിലും പ്രധാന വിശുദ്ധ കുർബാനയ്ക്കു മുമ്പ് പേപ്പൽ പതാക ഉയർത്തണം. തുടർന്ന് വി. യൗസേപ്പിതാവിന്റെ രൂപം പ്രത്യേകം പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കുകയും, തിരി തെളിയിക്കുകയും ചെയ്യുന്നു. കൈക്കാരന്മാർ, കുടുംബക്കൂട്ടായ്മ പ്രസിഡണ്ടുമാർ, സംഘടനാ

പ്രസിഡണ്ടുമാർ എന്നിവരാണ് പ്രതിനിധികളായി അതതു ഇടവകകളിലെ ഉദ്ഘാടന കർമ്മത്തിൽ പങ്കെടുക്കേണ്ടത്.

അന്നേ ദിവസം തന്നെ അതിരൂപതാതല ഔദ്യോഗിക ഉദ്ഘാടനം വൈകിട്ട് ആറു മണിക്ക് പാവറട്ടി സെന്റ് ജോസഫ് തീർത്ഥ കേന്ദ്രത്തിൽ അതിരൂപതാദ്ധ്യക്ഷന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്നു. കെ.എൽ.എം., പിതൃവേദി, കുടുംബക്കൂട്ടായ്മ, കത്തോലിക്കാ കോൺഗ്രസ്, ലോഫ് എന്നീ സംഘടനകളുടെ പ്രസിഡണ്ടുമാരും ഡയറക്ടർമാരുമാണ് അതിരൂപതയെ പ്രതിനിധി കരിച്ചു പങ്കെടുക്കേണ്ടത്.

2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 ന് റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമം വരെ കുടുംബവർഷമായി പ്രഖ്യാപിച്ചുകൊണ്ട് *കുടുംബം: സ്നേഹത്തിന്റെ ആനന്ദം* (Amoris Laetitia) എന്ന പ്രബോധ നത്തെ കുറിച്ച് പഠിക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. സ്നേഹത്തിന്റെ ആനന്ദമെന്ന പ്രബോധനത്തെ കുറിച്ചുള്ള പഠനവും അതിന്റെ വെളിച്ചത്തിലുള്ള പ്രായോഗിക കർമ്മപരിപാടികളുമാണ് ഈ വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വി. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് കുടുംബകേന്ദ്രീകൃതമായ പൊതുപരിപാടികൾ അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്നു. 'കുടുംബം: സ്നേഹത്തിന്റെ ആനന്ദം'എന്ന പ്രബോധനവുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടികൾ അതിരൂപതയിൽ കുടുംബപ്രേഷിത (ഫാമിലി അപ്പോസ്റ്റലേറ്റ്) കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതാണ്. ഇതേപ്പറ്റി വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## വി. യൗസേപ്പിതാവിന്റെ വർഷം – അതിരൂപത തല കർമ്മപരിപാടികളും ഇടവകകളിൽ നടപ്പാക്കാനുള്ള പദ്ധതികളും

**2021 ജനുവരി 3 : ഉദ്ഘാടനം**

**ജനുവരി മാസത്തിലെ പ്രത്യേക പ്രവർത്തനം:**

ജനുവരി 3 മുതൽ 10 വരെ ഒരാഴ്ച്ചക്കാലത്തേക്ക് സാധിക്കാവുന്ന എല്ലാ കുടുംബങ്ങളിലും പേപ്പൽ ഫ്ളാഗ് ഉയർത്തുന്നത് അഭികാമ്യമാണ്. ഇടവകയിലെ കുടുംബങ്ങളെ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതക്ക് സമർപ്പിക്കുക. കുടുംബങ്ങളിൽ വി. യൗസേപ്പിന്റെ രൂപം

അലങ്കരിക്കുക. കുടുംബപ്രാർത്ഥനയോടുകൂടി യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന ചൊല്ലുവാൻ ആരംഭിക്കുക. *സ്വന്തമാക്കേണ്ട മനോഭാവം:* ദൈവഹിതം നിറവേറ്റാൻ ആഗ്രഹിക്കുക.

**ഫെബ്രുവരി മാസത്തെ പ്രത്യേക പ്രവർത്തനം:**

പാപ്പായുടെ നിർദ്ദേശങ്ങളും പൂർണ്ണദണ്ഡവിമോചന വിവരങ്ങളും നോട്ടീസ് ബോർഡിലോ ജനങ്ങൾ കാണാവുന്ന സ്ഥലത്തോ പ്രദർശിപ്പിക്കുക. പിതൃസംഘം പ്രവർത്തനം ഇല്ലാത്ത ഇടവകകളിൽ അത് ആരംഭിക്കുക. ഫാമിലി അപ്പോസ്റ്റലേറ്റിന്റെ കീഴിലുള്ള കപ്പിൾസ് മിനിസ്റ്ററി ആരംഭിക്കുക. ലോഫ് എന്ന സമർപ്പിത കുടുംബസമൂഹത്തെ പ്രോത്സാഹിപ്പിക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* ഉത്തരവാദിത്വബോധം

**മാർച്ച് മാസത്തിലെ പ്രത്യേക പ്രവർത്തനം:**

വി. യൗസേപ്പിതാവിന്റെ മാതൃകക്ക് ഊന്നൽ നൽകികൊണ്ട് വാർഷികധ്യാനം, കുടുംബനവീകരണധ്യാനം എന്നിവ നടത്തുക. വി. യൗസേപ്പിതാവിന്റെ വണക്കമാസം ഉചിതമായി ആചരിക്കുക. ആഗോളസഭയ്ക്ക് വേണ്ടി വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥം യാചിച്ചു പ്രാർത്ഥിക്കുക.

അതിരൂപതാ പിതൃദിനം മാർച്ച് 19 ന് വേലൂപ്പാടം സെന്റ് ജോസഫ്സ് തീർത്ഥകേന്ദ്രത്തിൽ ആചരിക്കുന്നു. ഇടവകകളിലെ പിതൃവേദി പ്രസിഡന്റുമാർ ഇതിൽ സംബന്ധിക്കുന്നതിനായി പരിശ്രമിക്കണം. മാർച്ച് 19ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ ഇടവകതലത്തിൽ ഉചിതമായി ആചരിക്കുക. വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള അതിരൂപതയിലെ 7 ദൈവാലയങ്ങൾ സന്ദർശിക്കാൻ പ്രോത്സാഹിപ്പിക്കുക. മാർച്ച് 19 നോ മെയ് 1 നോ തുടർന്നു വരുന്ന ഞായറാഴ്ചകളിലോ എല്ലാ പള്ളികളിലും വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുക. മാർച്ച് 31ന് വണക്കമാസത്തിന്റെ കാലംകൂടൽ ഉചിതമായി നടത്തുക. ദൈവവിളികൾ പ്രോത്സാഹിപ്പക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* ഒരോരുത്തരും തങ്ങളെക്കുറിച്ചുള്ള ദൈവിക പദ്ധതി തിരിച്ചറിയുക.

**ഏപ്രിൽ മാസത്തിലെ പ്രത്യേക പ്രവർത്തനം:**

വി. യൗസേപ്പിതാവിനെ അടിസ്ഥാനമാക്കി സ്കിറ്റ്, ഷോർട്ട് ഫിലിം, ഉപന്യാസമത്സരം എന്നിവ സംഘടിപ്പിക്കുക. കുടുംബനാഥൻമാരെ ആദരിക്കുവാനും അംഗീകരിക്കാനും സഹായിക്കുന്ന വിധമുള്ള പരിപാടികൾ സംഘടിപ്പിക്കുക. ഉദാ: കുടുംബനാഥന്റെ കാൽ കഴുകുക, പെസഹാവ്യാഴാഴ്ച്ചയിലെ കാൽകഴുകൽ ശുശ്രൂഷയിൽ

ഇടവകയിലെ 12 പ്രായമായവരെ പങ്കെടുപ്പിക്കുക (സാധിക്കുന്നതും യൗസേപ്പ് നാമധാരികളുടെ).

*സ്വന്തമാക്കേണ്ട മനോഭാവം:* വിനയം.

**മെയ് മാസത്തിലെ പ്രത്യേക പ്രവർത്തനം:**

മെയ് 1 ന് തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിക്കുക. തൃശ്ശൂർ അതിരൂപതയെ വി. യൗസേപ്പിതാവിന്റെ പ്രത്യേക മദ്ധ്യസ്ഥതക്ക് സമർപ്പിക്കുക. തൊഴിലാളിദിനം അതിരൂപതാതലത്തിലും ഇടവകതലങ്ങളിലും ആചരിക്കുക. അന്യസംസ്ഥാന തൊഴിലാളികളെ ആദരിക്കുക. തൊഴിലിന്റെ മഹത്വം വിളിച്ചോതി സെമിനാർ സംഘടിപ്പിക്കുക. കിടപ്പുരോഗികളെ കെ. എൽ. എം. ന്റെ നേതൃത്വത്തിൽ സന്ദർശിക്കുക, ആവശ്യമാണെങ്കിൽ സാമ്പത്തികമായി സഹായിക്കുക, വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള അഗതിമന്ദിരങ്ങൾ സന്ദർശിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. മാതാവിന്റെ വണക്കമാസം സമുചിതമായി ആചരിക്കുക. ദണ്ഡവിമോചനദിനം ആചരിക്കണം. അതിരൂപതാദിനത്തിൽ (മെയ് 20) വി. യൗസേപ്പിന്റെ പ്രാധാന്യം പ്രഭാഷണ വിഷയമാക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* തൊഴിലിന്റെ മഹത്വം.

**ജൂൺ മാസത്തിലെ പ്രത്യേക പ്രവർത്തനം:**

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ ജൂൺ മാസം കുടുംബമാസമായി ആചരിക്കുക. ജൂൺ 20ന് പിതൃദിനം സമുചിതമായി ആഘോഷിക്കുക. കുടുംബങ്ങളിൽ മാതാപിതാക്കളെ ആദരിക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* പ്രാർത്ഥനയുടെ മനുഷ്യരാവുക.

**ജൂലൈ മാസത്തിലെ പ്രത്യേക പ്രവർത്തനം:**

ജൂലൈ 3ന് സഭാദിനത്തിൽ സീറോ മലബാർ സഭയെ വി. യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതക്ക് സമർപ്പിക്കുക. യൗസേപ്പിതാവിനെക്കുറച്ച് ഫ്രാൻസീസ് മാർപ്പാപ്പ പറഞ്ഞ 7 വിശേഷണങ്ങളെക്കുറിച്ച് പ്രസംഗമത്സരം നടത്തുക. തിരിച്ചു വന്നിട്ടുള്ള പ്രവാസികളുടെ സംഗമവും അവരുടെ പങ്കുവയ്ക്കലും സംഘടിപ്പിക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* പൂർണമായ അനുസരണം

**ആഗസ്റ്റ് മാസത്തിലെ പ്രത്യേക പ്രവർത്തനം:**

ഇടവകയിലെ ജോസഫ് നാമധാരികളുടെ സംഗമം നടത്തുക. കുടുംബകൂട്ടായ്മ, പിതൃവേദി എന്നീ സംഘടനകൾ അതിന് നേതൃത്വം നൽകാവുന്നതാണ്. ആഗസ്റ്റ് 15ന് ഭാരതസഭയെയും ഭാരതത്തെയും വി.

യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതക്ക് സമർപ്പിക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* നീതിയുടെ മനുഷ്യരാകുക.

**സെപ്തംബർ മാസത്തിലെ പ്രത്യേക പ്രവർത്തനം:**

കന്യാവ്രത കാവല്ക്കാരൻ എന്ന ആശയത്തിന് ഊന്നൽ നൽകി ഇടവകയിലെ സമർപ്പിതരെ ആദരിക്കുക. സമർപ്പിത ജീവിതം നയിക്കുന്നവർ വിശുദ്ധ ജീവിതം നയിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* വിശുദ്ധ ജീവിതം

**ഒക്ടോബർ മാസത്തിലെ പ്രത്യേക പ്രവർത്തനം:**

മിഷൻ ഞായറും ജപമാലമാസവും സമുചിതമായി ആഘോഷിക്കുക. മിഷൻ പ്രവർത്തനങ്ങളെ വി. യൗസേപ്പിതാവിന്റെ മധ്യസ്ഥതക്ക് സമർപ്പിക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം:* ജീവിതാവസ്ഥക്കനുസരിച്ച് സുവിശേഷമാകാനും സുവിശേഷമേകാനുമുള്ള സന്നദ്ധത

**നവംബർ മാസത്തിലെ പ്രത്യേക പ്രവർത്തനം:**

നൽമരണത്തിന്റെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ കരങ്ങളിൽ ശുദ്ധീകരണ ആത്മാക്കളെ സമർപ്പിച്ച് പ്രാർത്ഥിക്കുക. പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ഇടവകകളിൽ ആരംഭിക്കുക. രോഗീ സർന്ദർശനം പ്രോത്സാഹിപ്പിക്കുക. രോഗികളെ സാധിക്കുന്നതുപോലെ പള്ളിയിൽ കൊണ്ടുവന്ന് കുമ്പസാരത്തിനും രോഗീലേപനം നല്കുന്നതിനും വി. കുർബാന സ്വീകരണത്തിനും അവസരമൊരുക്കുക.

*സ്വന്തമാക്കേണ്ട മനോഭാവം :* പ്രത്യാശയുള്ളവരാകുക.

**ഡിസംബർ മാസത്തിലെ പ്രത്യേക പ്രവർത്തനം:**

വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത വ്യക്തികളെ സമർപ്പിച്ച് പ്രാർത്ഥിക്കുക. ഇവരെ ഫൊറോനതലത്തിൽ വിളിച്ചു കൂട്ടുക. കുടുംബകൂട്ടായ്മ, കത്തോലിക്കാകോൺഗ്രസ്സ് എന്നീ സംഘടനകൾ ഈ പരിപാടികൾക്ക് നേതൃത്വം നൽകേണ്ടതാണ്.

*സ്വന്തമാക്കേണ്ട മനോഭാവം:* അപരന്റെ നന്മ കാംക്ഷിച്ച് പ്രവർത്തിക്കുക.

**ഡിസംബർ 8 : സമാപനം.** (സമാപന പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്).

വി. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് തൊഴിൽ ക്ഷേമ പ്രവർത്തനങ്ങൾ, AFC പ്രവർത്തനം, അസംഘടിത തൊഴിലാളി ആനുകൂല്യങ്ങൾ, ഇൻഷുറൻസ് പദ്ധതികൾ, സൗജന്യ ഡയാലിസിസ് പദ്ധ

തി, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, പകൽ വീടുകൾ, കാരുണ്യഭവന നിർമ്മാണം, അടിയന്തര സഹായനിധി രൂപികരണം തുടങ്ങിയ സാമൂഹിക പ്രവർത്തനങ്ങൾ അതിരൂപതയിലെ വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതാണ്. കുടുംബപ്രേഷിതത്വ പ്രവർത്തനങ്ങളെയും ലോഫ് പോലുള്ള സമർപ്പിത കുടുംബ സമൂഹങ്ങളേയും പ്രോത്സാഹിപ്പിക്കുക. കൂടാതെ അതിരൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ കുടുംബനവീകരണ പദ്ധതികളും ഇടവകയുടെ നേതൃത്വത്തിൽ വിവിധ കലാസാംസ്കാരിക പരിപാടികളും നടപ്പിലാക്കുവാൻ നിങ്ങളെ ഏവരെയും ആഹ്വാനം ചെയ്യുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,



മാർ ആൻഡ്രൂസ് താഴത്ത്
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB:

1. ഈ സർക്കുലർ 2021 ജനുവരി 3-ാം തിയ്യതി നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.
2. വി. കുർബാനയ്ക്കു മദ്ധ്യേ ചൊല്ലേണ്ട കാറോസൂസ പ്രാർത്ഥനയും കുടുംബങ്ങളിൽ കുടുംബ പ്രാർത്ഥനയ്ക്കൊപ്പം ചൊല്ലേണ്ട പ്രാർത്ഥനയും ജനങ്ങളിലേക്ക് എത്തിക്കുവാൻ ക്രമീകരണം നടത്തേണ്ടതാണ്.
3. പൂർണ്ണദണ്ഡവിമോചനത്തിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം നല്കുന്നു. +AT

## കാറോസൂസ പ്രാർത്ഥന

രക്ഷകനായ മിശിഹായുടെ പരിപാലകനായി പിതാവായ ദൈവത്താൽ നിയോഗിക്കപ്പെട്ടവനും സഭയുടെ പരിപാലകനായി പുത്രനായ ദൈവത്താൽ നിയോഗിക്കപ്പെട്ടവനും കുടുംബങ്ങളുടേയും ബ്രഹ്മചാരികളുടേയും സഹായകനായി തിരുസ്സഭയിൽ വണങ്ങപ്പെടുന്ന വനുമായ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയാൽ തിരുസ്സഭയേയും ഞങ്ങളുടെ കുടുംബങ്ങളേയും വൈദികരെയും സമർപ്പിതരെയും വിശുദ്ധിയിൽ പരിപാലിക്കുകയും ആത്മീയവും ഭൗതികവുമായ എല്ലാ ശത്രുക്കളുടേയും ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യണമേ എന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ!*

## കുടുംബങ്ങളിൽ ചൊല്ലേണ്ട പ്രാർത്ഥന

തിരുക്കുടുംബത്തിന്റെ നാഥനും പരിപാലകനുമായി ദൈവ പിതാവിനാൽ നിയോഗിക്കപ്പെട്ട വി. യൗസേപ്പിതാവേ, അങ്ങ് ഞങ്ങളുടെ കുടുംബത്തിന്റെയും പരിപാലകനായിരിക്കേണമേ! അങ്ങയുടെ വാൽസല്യഭാജനവും ഞങ്ങളുടെ കർത്താവുമായ ഈശോ മിശിഹായുടെയും അവിടുത്തെ മൗതിക ശരീരമായ തിരുസ്സഭയുടെയും പഠനങ്ങൾ പ്രാവർത്തികമാക്കുന്ന ഇടങ്ങളായി ഞങ്ങളുടെ കുടുംബങ്ങളെ രൂപാന്തരപ്പെടുത്തണമേ! ആത്മീയവും ഭൗതികവുമായ എല്ലാ വിപത്തുകളിൽ നിന്നും ഞങ്ങളുടെ കുടുംബങ്ങളെ സംരക്ഷിക്കണമേ! ബാലനായ യേശുവിനെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും അങ്ങ് വളർത്തിയത് പോലെ ഞങ്ങളുടെ മക്കളേയും വളർത്താൻ ഞങ്ങളെ സഹായിക്കണമേ! ഭൗതികതയുടെ അതിപ്രസരത്തിൽ അവരെ വഴി തെറ്റാതെ കാക്കണമേ! ഉത്തമമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കാൻ അവരെ പ്രാപ്തരാക്കുകയും നല്ല ദൈവവിളികൾ ഉണ്ടാകുവാൻ മാദ്ധ്യസ്ഥം വഹിക്കുകയും ചെയ്യണമേ!

തിരുസ്സഭയുടെ കാവൽക്കാരനായി വണങ്ങപ്പെടുന്ന വി. യൗസേപ്പിതാവേ, സാർവത്രിക സഭയേയും ഞങ്ങളുടെ സീറോമലബാർ സഭയേയും അതിരൂപതയെയും ഇടവകയെയും അങ്ങ് കാത്തരുളേണമേ! സഭക്കെതിരേ വിവിധങ്ങളായ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാലത്ത് എല്ലാവിധ അപകടങ്ങളിൽ നിന്നും സഭയെ സംരക്ഷിക്കുവാനും പരിപാലിക്കുവാനും മധ്യസ്ഥനാകണമെ.

കന്യാവ്രതക്കാരുടേയും ബ്രഹ്മചാരികളുടെയും സ്വർഗീയ മദ്ധ്യസ്ഥാ, ഞങ്ങളുടെ വൈദികരും സമർപ്പിതരും സുവിശേഷ പുണ്യങ്ങളിൽ വളർന്ന് സഭയെ പരിപോഷിപ്പിക്കുന്നരാകുവാൻ മദ്ധ്യസ്ഥത വഹിക്കേണമേ! തീഷ്ണതയുള്ള അത്മായപ്രേഷിതർ ഞങ്ങളുടെ കുടുംബങ്ങളിൽ വളർന്നുവരുവാൻ പ്രാർത്ഥിക്കണമേ.
ഞങ്ങളുടെ കർത്താവായ ഈശോ മിശിഹായാൽ ഈ ലോകത്തിൽ ഏറ്റവും സ്നേഹിക്കപ്പെട്ട പ്രിയ പിതാവേ, അങ്ങേക്കായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ വർഷത്തിൽ ഞങ്ങളുടെ കുടുംബത്തിന്റെ പ്രത്യേക നിയോഗം (നിയോഗം പറയുക) സാധിച്ചു തരാൻ ദൈവതിരുമുമ്പിൽ അപേക്ഷിക്കേണമേ! ആമ്മേൻ!

## വി. യൗസേപ്പിതാവിന്റെ വർഷത്തിലെ പൂർണ്ണദണ്ഡവിമോചനത്തെക്കറിച്ചുള്ള നിർദ്ദേശങ്ങൾ

1. **നിബന്ധനകൾ**
   കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുകയും മാർപ്പാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.
2. **മാർഗ്ഗങ്ങൾ**

1. *കർതൃപ്രാർത്ഥന ധ്യാനിക്കാം*: വിശുദ്ധ യൗസേപ്പിതാവിനെ യഥാർത്ഥമായ വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും മാതൃകയായാണ് സഭ ചൂണ്ടിക്കാണിക്കുന്നത്. അതിനാൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന കർതൃപ്രാർത്ഥന ചൊല്ലി അതിൽ ഉള്ളടങ്ങിയിരിക്കുന്ന ദൈവഹിതത്തെക്കുറിച്ച് 30മിനിറ്റ് ധ്യാനിക്കുകയോ വി. യൗസേപ്പിതാവിനെ കുറിച്ചുള്ള ഏക ദിനധ്യാനത്തിൽ പങ്കെടുക്കുകയും ചെയ്യുന്നവർക്ക് പൂർണ്ണദണ്ഡ വിമോചനം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.
2. *കാരുണ്യപ്രവർത്തികൾ ചെയ്യാം*: ദൈവികരഹസ്യങ്ങളുടെ അഗാധതയെ മൗനമായും വിശ്വസ്തതാപൂർവ്വവും ഹൃദയത്തിലേറ്റി സമൂഹത്തിലും കുടുംബത്തിലും ലാളിത്യത്തോടെ ജീവിച്ച ഉത്തമമാതൃകയാണ് വി. യൗസേപ്പിതാവ്. നമ്മുടെ ദൗത്യ നിർവഹണത്തിൽ നിശബ്ദത, പ്രാർത്ഥന, വിവേകം, വിശ്വസ്തത, നീതി എന്നീ ഗുണഗണങ്ങൾ പാലിക്കാൻ പ്രചോദിപ്പിക്കുന്ന വിശുദ്ധനുമാണ് അദ്ദേഹം. ഇതിന്റെ വെളിച്ചത്തിൽ ആത്മീയവും ഭൗതികവുമായ കാരുണ്യപ്രവർത്തികൾ ഒരുക്കത്തോടെ ചെയ്യുന്നവർക്ക് പൂർണ്ണദണ്ഡവിമോചനത്തിന് അർഹതയുണ്ട്.

3. *കുടുംബങ്ങളിലെ ജപമാല അർപ്പണം*: കുടുംബങ്ങളുടെ പരിപാലകനാണ് വി. യൗസേപ്പിതാവ്. നസ്രത്തിലെ തിരുകുടുംബത്തിന്റെ മാതൃക ഉൾക്കൊണ്ട് ആത്മീയവും കൗദാശികവുമായ ഒരുക്കങ്ങളോടെ കുടുംബങ്ങളിൽ ഒരുമിച്ച് ജപമാലചൊല്ലി പ്രാർത്ഥിക്കുന്നവർ പൂർണ്ണദണ്ഡവിമോചനത്തിന് അർഹരാണ്.
4. *തൊഴിൽ വിശ്വസ്തരാകാം*: തൊഴിലാളികളുടെ മധ്യസ്ഥനാണ് വി. യൗസേപ്പിതാവ്. തങ്ങളുടെ അനുദിന പ്രവർത്തികൾ വി. യൗസേപ്പിന്റെ സംരക്ഷണത്തിന് സമർപ്പിക്കുകയും വിശുദ്ധന്റെ മാധ്യസ്ഥം യാചിച്ചുകൊണ്ട് അവരവരുടെ ജോലിയിൽ പ്രാർത്ഥനാപൂർവ്വം വ്യാപൃതരാവുകയും ചെയ്യുന്നവർക്ക് പൂർണ്ണദണ്ഡവിമോചനം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.
5. *പീഡിതർക്കുവേണ്ടി പ്രാർത്ഥിക്കാം*: ഉണ്ണീശോയുടെ രക്ഷയ്ക്കായി തിരുകുടുംബവുമായി ഈജിപ്തിലേക്ക് പാലായനം ചെയ്ത സ്നേഹപിതാവാണ് യൗസേപ്പിതാവ്. ഇതിന്റെ വെളിച്ചത്തിൽ വിശുദ്ധന്റെ ലുത്തിനിയായും മറ്റ് ആരാധനാക്രമങ്ങളിൽ നിലവിലുള്ള സമാനമായ പ്രാർത്ഥനകളും പീഡിതസഭയ്ക്കും പീഡിത ക്രൈസ്തവർക്കും വേണ്ടി സമർപ്പിക്കുന്നവർക്ക് പൂർണ്ണദണ്ഡ വിമോചനം സാധ്യമാകും.
6. *വിശുദ്ധന്റെ ദിനാചരണങ്ങളിൽ പങ്കുചേരാം*: മാർച്ച് 19ലെ വി. യൗസേപ്പിതാവിന്റെ തിരുനാൾ, മെയ് 1ലെ തൊഴിലാളി മധ്യസ്ഥന്റെ തിരുനാൾ, കുടുംബത്തിന്റെ തിരുനാൾ, ബൈസന്റൈൻ പാരമ്പര്യത്തിലെ യൗസേപ്പിതാവിന്റെ ഞായർ എന്നീ ദിനങ്ങളിലും മാസത്തിലെ 19–ാം തീയതികളിലും ബുധനാഴ്ചകളിലും വിശുദ്ധന്റെ മാദ്ധ്യസ്ഥത്തിനായി ക്രമീകരിച്ചിരിക്കുന്ന ഔദ്യോഗിക പ്രാർത്ഥനകൾ ഒരുക്കത്തോടെ ചൊല്ലുന്നവർ പൂർണ്ണദണ്ഡ വിമോചനത്തിന് അർഹരാണ്.
7. *അജപാലകർക്ക് വിശേഷാൽ മാർഗ്ഗം*: കുമ്പസാരം, രോഗീലേപനം, രോഗികൾക്ക് പരിശുദ്ധ കുർബാന നൽകൽ എന്നിവ തീക്ഷ്ണതയോടെ പരികർമ്മം ചെയ്തുകൊണ്ട് വൈദികർക്കും സന്യസ്തർക്കും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാനാകും.

+AT

# കച്ചേരി വാർത്തകൾ

ഫെബ്രുവരി 2021

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

| | | |
|---|---|---|
| 2 | : | നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ) |
| 4 | : | വി. ജോൺ ബ്രിട്ടോ |
| 5 | : | *ആദ്യവെള്ളി* |
| | : | ഗ്രീക്കു സഭാപിതാക്കന്മാർ സുറിയാനി സഭാപിതാക്കന്മാർ |
| 7 | : | **ദനഹാ ആറാം ഞായർ** |
| 11 | : | ലൂർദ്ദ്മാതാവ് (രോഗീദിനം) |
| 14 | : | **നോമ്പ് ഒന്നാം ഞായർ** |
| 15 | : | നോമ്പാരംഭം (ഉപവാസദിനം) |
| 21 | : | **നോമ്പ് രണ്ടാം ഞായർ** |
| 23 | : | വി. പൊളിക്കാർപ്പ് |
| 25 | : | വാ. സി. റാണി മരിയ |
| 28 | : | **നോമ്പ് മൂന്നാം ഞായർ** |

**2. നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവാസനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. ദനഹാക്കാലത്തിനും ഉയിർപ്പു തിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക.

മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾ വരെ നോമ്പുനോക്കിയിരുന്നതാകാം 'അമ്പതു

നോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിപ്പിക്കൽ', 'തിരിഞ്ഞു നോക്കൽ' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്. മാമ്മോദീസ വഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപം വഴി ദൈവത്തിൽ നിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്. ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും മനുഷ്യർ അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജനകൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്കു പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്കു പ്രവേശിക്കാം.

3. **വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും** :
പുതുവർഷത്തിലെ ആദ്യത്തെ വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2021 ഫെബ്രുവരി 3 കാലത്ത് 10 മണിക്ക് ഡിബിസിഎൽസിയിൽ വെച്ച് ആരംഭിക്കും. അതിരൂപതയ്ക്കും മറ്റു രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും വേണ്ടി അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പട്ടം സ്വീകരിച്ച നവവൈദികർക്ക് അന്നേ ദിവസം സ്വീകരണം നൽകുന്നുണ്ട്. അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം അന്നുതന്നെ പ്രഖ്യാപിക്കുന്നതാണ്. ഫെബ്രുവരി 10-ാം തീയതിയായിരിക്കും സ്ഥലമാറ്റം പ്രാബല്യത്തിൽ വരുന്നത്.

4. **യുവവൈദികർക്കുള്ള തുടർപരിശീലന പരിപാടി**
നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2016-2019 ബാച്ചുകൾ) തുടർപരിശീലന പരിപാടി 2021 ഫെബ്രുവരി 22 തിങ്കൾ രാവിലെ 10 മുതൽ 23 ചൊവ്വ ഉച്ചകഴിഞ്ഞ് 4.30 വരെ ഡിബിസിഎൽസിയിൽ വെച്ച് നടത്തപ്പെടുന്നു. യുവവൈദികരുടെ അജപാലന ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകാൻ സഹായിക്കുന്ന വിധത്തിലാണ് ഈ പരിപാടി ക്രമീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വൈദികർ ഈ പരിപാടിയിൽ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

5. **സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള പരിശീലന പരിപാടി**
ഈ വർഷം സ്ഥലമാറ്റം ലഭിച്ച വൈദികർക്കായുള്ള മീറ്റിംഗ് (അസി. വികാരിമാരും അസി. ഡയറക്ടറുമാരുമൊഴികെ) മാർച്ച് ഒന്നാം തിയതി തിങ്കളാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ഡി.ബി.സി. എൽ.സി.യിൽ വെച്ച് നടത്തപ്പെടുന്നു. ബഹുമാനപ്പെട്ട വൈദികർ മീറ്റിംഗിൽ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

6. **ആദ്യമായി വികാരിമാരാകുന്നവർക്കുള്ള പരിശീലന പരിപാടി**
നമ്മുടെ അതിരൂപതയിൽ ആദ്യമായി വികാരിമാരാകുന്നവർക്കുള്ള (വികാരിശുശ്രൂഷയിൽ ആദ്യ മൂന്ന് വർഷങ്ങളിൽ ഉള്ളവർക്ക്) പരിശീലന പരിപാടി 2021 മാർച്ച് 8 (തിങ്കൾ) രാവിലെ 10 മുതൽ മാർച്ച് 9 (ചൊവ്വ) ഉച്ചതിരിഞ്ഞ് 4.30 വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തപ്പെടുത്തുന്നു. അജപാലനശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പരിശീലന പരിപാടി ലക്ഷ്യമിടുന്നു. ബഹുമാനപ്പെട്ട വൈദികർ മീറ്റിംഗിൽ സാന്നിധ്യം ഉറപ്പുവരുത്തുമല്ലോ.

7. **സാമൂഹിക-സാമ്പത്തിക സ്ഥിതി പഠനം അതിരൂപതയിൽ**
സീറോ-മലബാർ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ, സമുദായത്തിന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതി പഠിച്ച് വിലയിരുത്തുന്നതിനു വേണ്ടി, എല്ലാ രൂപതകളിലും പറോകിന്റെ സഹായത്തോടെ സാമ്പിൾ സർവ്വേയും കേസ് സ്റ്റഡികളും നടത്തുന്നു. പതിനഞ്ചോളം ഇടവകകളിൽ നിന്നുള്ള വിവരങ്ങളാണ് സാമ്പിളുകളായി ശേഖരിക്കുന്നത്. ബന്ധപ്പെട്ട എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

8. **പാലയൂർ മഹാതീർത്ഥാടനം:**
2021 മാർച്ച് 21-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനത്തെ സംബന്ധിച്ചു വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ച്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും, ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

7. **വൈദികരുടെ നിയമനം:**
1. ഫാ. ഡേവിഡ് ചിറക്കൽ OFM.Cap.-സഹവികാരി പുറനാട്ടുകര; സാധുത 18.12.2020 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ

# നാളാഗമം

## ഡിസംബർ 2020

1. അഭിവന്ദ്യ പിതാക്കൻമാർ ഡിസംബർ 1 മുതൽ 3–ാം തിയ്യതി വരെയുള്ള കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.
4. 2019 വർഷത്തിൽ വൈദികപട്ടം സ്വീകരിച്ച ബാച്ചിലെ വൈദികരെ അഭിവന്ദ്യ പിതാക്കൻമാർ കാണുകയും പരസ്പരം ആശയങ്ങൾ പങ്കുവെക്കുകയും ചെയ്തു. വൈകിട്ട് വൈദികസമിതി യോഗത്തിൽ പങ്കെടുത്തു.
5. അഭിവന്ദ്യ പിതാക്കൻമാർ 2018 ബാച്ച് വൈദികരെ കണ്ട് സംസാരിച്ചു. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് പാക്ടിന്റെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ചുവന്നമണ്ണിലുള്ള യാക്കോബായ ഓർത്തഡോക്സ് തൃശ്ശൂർ രൂപതാ ഭദ്രാസനത്തിന്റെ അധ്യക്ഷൻ കുരിയാക്കോസ് മാർ ക്ലീമിസ് തിരുമേനിയെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സന്ദർശിച്ചു.
6. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഷെക്കെയ്ന ചാനലിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് ദിവ്യബലിയർപ്പിച്ചു. മമ്മിയൂർ എഫ്.സി.സി. കോൺവെന്റിൽ നടന്ന ബഹു. സി. ഒലിവർ എഫ്.സി.സി.യുടെ മൃതസംസ്ക്കാര തിരുക്കർമ്മങ്ങൾക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.
7. മൈനർ സെമിനാരിയിൽ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ചു.
8. നവീകരിച്ചുകൊണ്ടിരിക്കുന്ന

കൊട്ടേക്കാട് ഇടവക ദൈവാലയത്തിന്റെ മുഖവാരിയിൽ പ്രതിഷ്ഠിക്കുവാനുള്ള കുരിശ് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആശീർവദിച്ചു. ചേലക്കരയുടെ പ്രേഷിതൻ വാഴ്ത്തപ്പെട്ട ആന്റണി തച്ചുപറമ്പിലച്ചന്റെ നാമകരണ നടപടികളുടെ സമാപന തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.

9. കാഞ്ഞാണി ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും ഇടവകയിലെ പുതിയ സ്കൂൾ മന്ദിരം ആശീർവദിക്കുകയും ചെയ്തു.
12. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഷെക്കെയ്ന ചാനലിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് ദിവ്യബലിയർപ്പിച്ചു.
13. പേരകം ഇടവകയുടെ സിൽവർ ജൂബിലി വർഷം സമാപനചടങ്ങിൽ കൃതജ്ഞതാ ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. കോവിഡ് സാഹചര്യത്തിൽ ഓൺ ലൈനായി നടത്തിയ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ ജന്മദിന അനുമോദന യോഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് നേതൃത്വം വഹിച്ചു.
14. നെഹ്റു നഗർ ഇടവകാംഗമായ മിഷണറി വൈദികൻ ബഹു. സൈമൺ അച്ചന്റെ മൃതസംസ്ക്കാര തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് മുഖ്യകാർമ്മികത്വം വഹിച്ചു.
16. സുറായി ഓർത്തഡോക്സ് സഭാ സഹായ മെത്രാൻ മാർ യോഹന്നാൻ തിരുമേനിയുടെ അമ്മയുടെ മൃതസംസ്ക്കാര തിരുക്കർമ്മങ്ങളിൽ മാർ ടോണി പിതാവ് പങ്കെടുത്തു.
17. കുരിയച്ചിറ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാർ ടോണി നീലങ്കാവിൽ പിതാവ് പ്രവേശന കൂദാശകൾ നൽകി.
19. മുണ്ടത്തിക്കോട് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാർ ടോണി നീലങ്കാവിൽ പിതാവ് പ്രവേശന കൂദാശകൾ നൽകി. അന്നേ ദിവസം തിരൂർ സിയോൻ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ട ബഹു. സി. കനീസിയൂസ് എഫ്. സി. സി. യുടെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമ്മികത്വം നൽകി.
20. മഞ്ഞക്കുന്ന് ഇടവക ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര മാർ ടോണി നീലങ്കാവിൽ പിതാവ് ആശീർവദിച്ചു.
21. അന്തിക്കാട് ഇടവകയിൽ ദൈവാലയത്തിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് മാർ ടോണി നീലങ്കാവിൽ പിതാവ് കൃതജ്ഞതാബലിയർപ്പിച്ചു.
22. വാടാനപ്പിള്ളി ഇടവക ദൈവാലയത്തിൽ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലിയർപ്പിച്ചു. കുരിയച്ചിറ സെന്റ് പോൾ

കോൺവെന്റിൽ മരണമടഞ്ഞ സി. ഗ്രിമോണിയ സി.എം.സി.യുടെ മൃതസംസ്ക്കാര കർമ്മങ്ങളിൽ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുക്കുകയും കാർമ്മികത്വം വഹിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കല്ലൂർ ഈസ്റ്റ്, ചിറ്റിശ്ശേരി, മഞ്ഞക്കുന്ന്, കാഞ്ഞാണി, എറവ് എന്നിവിടങ്ങളിൽ നിർമ്മിച്ച ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമ്മവും താക്കോൽ ദാനകർമ്മവും നിർവഹിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ പാതിര കുർബ്ബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ക്രിസ്തുമസ്സ് ദിനത്തിൽ ഡോളേഴ്സ് ബസിലിക്കയിൽ പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും, രാവിലെ ഷെക്കെയ്ന ചാനലിൽ ഓൺലൈനായി കുർബാനയർപ്പിക്കുകയും, പിറവിത്തിരുനാളിന്റെ സന്തോഷം അറിയിച്ചുകൊണ്ട് ജയിലിൽ തടവിൽ കഴിയുന്ന സഹോദരങ്ങൾക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വെള്ളാനിക്കോട് ഇടവകയിൽ ഡീ. ജിൻസൻ മുക്കടയിലിന്റെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് വിയ്യൂർ ഇടവകയിൽ ഡീ. ആൻജോ പൂത്തൂർ സി.എം.ഐ.യുടെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ആമ്പക്കാട് ഇടവകയിൽ ഡീക്കൻ നിർമ്മൽ അക്കരപട്ട്യേയ്ക്കലിനും, പഴുവിൽ ഇടവകയിൽ ഡീക്കൻ സ്റ്റീഫൻ അറയ്ക്കലിനും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി വൈദിക പദവിയിലേക്ക് ഉയർത്തി.

27. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ ആദരണീയം പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകീട്ട് ബോൺനത്താലെ 2020 മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വേലൂപ്പാടം ഇടവകയിൽ സി.എം.ഐ. സന്യാസ സമൂഹത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ജോമോൻ അറയ്ക്കപ്പറമ്പിലിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചേറൂർ ഇടവകയിൽ ഡീ. മിഥുൻ ചുങ്കത്തിന്റെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് അരണാട്ടുക്കര ഇടവകയിൽ ഡീ. ഫ്രാങ്കോ അറക്കപാടന്റെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മി

കത്വം വഹിച്ചു. അരിമ്പൂർ ഇടവകയിൽ ഡീക്കൻമാരായ നെല്ല ങ്കര ജിതിനും, ഊക്കൻ തോമസിനും  അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തന്റെ കൈവയ്പ്പുവഴി ശുശ്രൂഷ പൗരോ ഹിത്യം നൽകി.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തലോർ ഇടവകയിൽ ഡീ. സിബിൻ ഊക്കൻ, ഡീ. അൽജോ കൊമ്പൻ എന്നിവരുടെ തിരുപ്പ ട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് വടക്കേ കാരമുക്ക് ഇടവകയിൽ ഡീ. മിഥുൻ വടക്കേത്തലയുടെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. സാന്ത്വ നത്തിന്റെ നേതൃത്വത്തിൽ കണ്ടശ്ശാംകടവ് നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. വൈകീട്ട് ചെമ്മണ്ണൂർ ഇടവക യുടെ ജൂബിലി സമാപനയോഗം ഉദ്ഘാടനം ചെയ്തു. തിരൂർ ഇട വകയിൽ തൃശ്ശൂർ രൂപതക്കുവേണ്ടി വൈദികപരിശീലനം പൂർത്തി യാക്കിയ ഡീക്കൻമാരായ ജോമോൻ മങ്ങാട്ടിളയനും, അജിത്ത് ചിറ്റിലപ്പിള്ളിക്കും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി വൈദിക പദവിയിലേക്ക് ഉയർത്തി.

30. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മരത്താക്കര ഇടവകയിൽ ഡീ. ബിനോയ് മഞ്ഞളിയുടെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് ഒല്ലൂർ ഇടവകയിൽ ഡീ. അലക്സ് മാപ്രാണിയുടെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. വൈകീട്ട് എറവ് ഇടവകയിലെ ജീസസ്സ് യൂത്ത് തയ്യാറാക്കിയ വി. ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തുപ്രതിയുടെ പ്രകാ ശനകർമ്മം നിർവഹിച്ചു. വല്ലച്ചിറ ഇടവകയിൽ തൃശ്ശൂർ രൂപത ക്കുവേണ്ടി ഡീക്കൻ മേജോ മുത്തിപ്പീടികയ്ക്കും, വല്ലച്ചിറ ഇടവ കയിൽ സി.എം.ഐ. സന്യാസ സമൂഹത്തിനുവേണ്ടി ഡീക്കൻ ആന്റോ ഇമ്മട്ടിക്കും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി.

31. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കോട്ടപ്പടി ഇടവകയിൽ ഡീ. ലിബിൻ ചെമ്മണ്ണൂരിന്റെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് പറപ്പൂർ ഇടവകയിൽ ഡീ. ജീവൻ പൊറത്തൂർ സി.എം.ഐ.യുടെ തിരുപ്പട്ടദാന ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ചിയ്യാരം ഇടവകാംഗമായ ഡീക്കൻ അഭി ജിത്ത് പടിഞ്ഞാക്കരയ്ക്കും, ഇരവിമംഗലം ഇടവകാംഗമായ ഡീക്കൻ കെൽവിൻ ആളൂക്കാരൻ സി.എം.ഐ.ക്കും മാർ ടോണി നീലങ്കാവിൽ പിതാവ് തിരുപ്പട്ടം നൽകി.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

നോമ്പുകാലത്തിലേക്ക് നാം കടക്കുന്നതിനൊരുക്കമായി ദൈവദാസൻ അന്തോണിയച്ചൻ നോമ്പുമായി ബന്ധപ്പെട്ടു നൽക്കുന്ന ചില ചിന്തകൾ പങ്കുവയ്ക്കാം.



മനുഷ്യ സൃഷ്ടിയോളം തന്നെ പഴക്കമുള്ളതാണ് നോമ്പ്. യഹൂദന്മാരും, മുസ്ലീങ്ങളും, ബുദ്ധമതക്കാരും നോമ്പ് ആചരിച്ചിരുന്നു. നോമ്പ് നമ്മുടെ പാപപരിഹാരത്തിനാവശ്യമാണ്. നമ്മുടെ ജീവിതത്തിന്റെ അന്ത്യം വരെയും പാപങ്ങൾക്കുള്ള പരിഹാരം ചെയ്യേണ്ടിവരും. അതിനായി നോമ്പ്, നമസ്കാരം, ദാനധർമ്മം എന്നിവ ഉപകരിക്കുമെന്ന് അച്ചൻ വ്യക്തമാക്കുന്നു. പഴയനിയമത്തിലെ ചില ഉദാഹരണങ്ങൾ അച്ചൻ നൽകുന്നു. ആദം അനുതപിച്ചു, കർത്താവ് പൊറുത്തു എങ്കിലും 900 വർഷത്തോളമുള്ള തപസ്സും കരച്ചിലും പിന്നീട് മരണവും നാം കാണുന്നു. കർത്താവിന്റെ ഹൃദയത്തിനനുരൂപനായ ദാവീദ് പാപം ചെയ്തു (2 സാമുവേൽ.24, 1 ദിന 20), ദാ

വീദ് അനുതപിച്ചു, കർത്താവ് പൊറുത്തു. എങ്കിലും ദാവീദിന് മൂന്നു ശിക്ഷകളിൽ ഒന്നു തിരഞ്ഞെടുക്കേണ്ടിവന്നു.

1. മൂന്നു ദിവസത്തെ പകർച്ചവ്യാധി
2. മൂന്നു കൊല്ലത്തെ കഠിന പഞ്ഞം
3. മൂന്നു മാസത്തെ യുദ്ധം

ഒറ്റ ദിവസം കൊണ്ട് എഴുപതിനായിരം പേർ മരിച്ചു.

ദാവീദ് ഭയന്നുകൊണ്ടു നിലവിളിച്ചു. കർത്താവേ ഞാൻ മാത്രമാണല്ലോ പിഴച്ചത് ഇവരെ ശിക്ഷിക്കല്ലേ ദാവീദിന്റെ അനുതാപ വാക്കുകൾ കേട്ട് ദൈവത്തിന്റെ സംഹാരദൂതൻ ശിക്ഷയുടെ വാൾ പിൻവലിച്ചു. കർത്താവിന്റെ സംഹാരദൂതനെ ദാവീദ് മുഖാമുഖം കണ്ട സ്ഥലത്താണ് പിന്നീട് ദാവീദിന്റെ അഭിഷ്ടപ്രകാരം സോളമൻ ദൈവാലയം പണിയുന്നത്. മോശ ഒന്നു ശങ്കിച്ചു, വാഗ്ദാനം ചെയ്യപ്പെട്ട നാട് കണികണ്ടില്ല (സംഖ്യ 20: 1–13).

നമ്മുടെ നിരവധിയായ പാപങ്ങൾക്കു നാം പരിഹാരം ചെയ്യേണ്ടതുണ്ടെന്നും നോമ്പുകാലത്ത് ഉപവാസത്തിലും ത്യാഗപ്രവർത്തികളിലും നാം വളരണമെന്നും അന്തോണിയച്ചൻ ഓർമിപ്പിക്കുന്നു.

**നിയമാധിഷ്ഠിതമായ നീതി പ്രവർത്തിക്കുന്നവർക്ക് അതുമൂലം ജീവൻ ലഭിക്കും എന്നു മോശ എഴുതുന്നു.**

***റോമാ 10 : 5***

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ സ്നേഹിതനായ ഊക്കനച്ചൻ**

അതിർവരമ്പുകൾക്കപ്പുറത്ത് ആത്മാക്കളെ കണ്ടെത്തുവാൻ ഫ്രാൻസിസ് മാർപ്പാപ്പ തിരുസഭയെ ക്ഷണിച്ചിട്ട് അധികം നാളായിട്ടില്ല. പരിശുദ്ധപിതാവിന്റെ ഈ ആഹ്വാനം വർഷങ്ങൾക്കു മുമ്പേ തന്റെ ജീവിതത്തിൽ അന്വർത്ഥമാക്കി പരിത്യജിക്കപ്പെട്ടവരുടെ സ്നേഹിതനായി മാറിയ പുണ്യചരിതനാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. പ്രതികൂലസാഹചര്യങ്ങളും ബുദ്ധിമുട്ടുകളും അവഗണിച്ച് ആത്മാക്കളെ രക്ഷിക്കണമെന്നും ആത്മാക്കളോട് അനുകമ്പ കാണിക്കണമെന്നും തന്റെ കഴിവനുസരിച്ച് അവരെ സഹായിക്കണമെന്നും പ്രതിജ്ഞയെടുത്ത ഊക്കനച്ചൻ കൊക്കാലെ ചേരിനിവാസികളുടെ ഉന്നമനത്തിനുവേണ്ടി അക്ഷീണം യത്നിച്ചു. ദൈവം നമ്മെ സ്നേഹിക്കുന്നതു



കൊണ്ട് ദൈവത്തിന്റെ എല്ലാ മക്കളെയും നാം സ്നേഹിക്കണമെന്ന് തിരിച്ചറിഞ്ഞ ഊക്കനച്ചൻ സമുദായം അവഗണിച്ചവരോടും പാവപ്പെട്ട വരോടും പ്രത്യേക പരിഗണന കാണിച്ചതിന്റെ ഫലമാണ് 1930 കളിൽ ചൊവ്വന്നൂരിൽ സ്ഥാപിതമായ അനാഥശാല.

തിരസ്കൃതരായവരുടെയും സ്നേഹിതനാകുവാൻ വേണ്ടിയാണ് ഈശോ കാലിത്തൊഴുത്തിൽ ജനിച്ചതെന്ന് ധ്യാനിച്ച ഊക്കനച്ചൻ തന്റെ ജീവിതവും ഇത്തരത്തിലുള്ളവർക്കുവേണ്ടി മാറ്റിവച്ചതിന്റെ ഫലമായാണ് ചൊവ്വന്നൂരിൽ ഏതാനും കുടുംബങ്ങളെ ഏറ്റെടുക്കുവാനും അവർക്ക് വീടും ഉപജീവനമാർഗ്ഗവും സംലഭ്യമാക്കികൊടുക്കുവാനും അദ്ദേഹത്തിന് സാധിച്ചത്. സമുദായം മതിലുകളാൽ വേർതിരിച്ചിരിക്കുന്നവരെ തന്റെ ഹൃദയത്തോട് ചേർത്തുപിടിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ് കുന്ദം കുളം സർക്കാർ ആശുപത്രിക്കടുത്ത് രോഗികൾക്കും പ്രായമായവർക്കും ഒരു ഭവനം പണിയുവാൻ അദ്ദേഹം താൽപ്പര്യപ്പെട്ടത്.

സാമൂഹികഅകലം പാലിക്കുന്ന ഈ അസാധാരണകാലഘട്ടത്തിൽ ആരും അന്യരല്ല പകരം എന്റെ നെഞ്ചിനുള്ളിൽ ഏവർക്കും ഒരു സ്ഥാന മുണ്ട് എന്ന് ഊക്കനച്ചൻ നമ്മെ ഏന്നും പഠിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഈ ധന്യാത്മാവിന്റെ മാതൃക നമുക്കും അനുകരിക്കാം

**ലോകസൃഷ്ടിമുതൽ ദൈവത്തിൻെറ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്.**

*റോമാ 1 : 20*

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

**നവവൈദികർക്ക് സ്വീകരണവും ദനഹതിരുനാളും**

പാലയൂർ മാർ തോമതീർത്ഥകേന്ദ്രത്തിൽ ഈ വർഷത്തെ നവ വൈദികർക്ക് സ്വീകരണവും ദനഹത്തിരുന്നാളും ആചരിച്ചു. എല്ലാ വർഷവും ദനഹാതിരുനാളിന് തൃശൂർ അതിരൂപതയിലെ നവവൈദികർ ദിവ്യബലിയർപ്പിക്കുന്നത് മാർ തോമാ ശ്ലീഹായാൽ സ്ഥാപിതമായ പാലയൂർ തീർത്ഥകേന്ദത്തിൽ വെച്ചാണ്. മാർത്തോമായാൽ സ്ഥാപിതമായ പാലയൂർ മാർത്തോമാ മേജർ ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിന് നവ വൈദികരുടെ സാന്നിധ്യവും ദിവ്യബലിയും ഏറ്റെ അനുഗ്രഹപ്രദമായിരുന്നു. സ്വീക രണത്തിൽ നവവൈദികർക്കു ആശംസക ളർപ്പിച്ച് ആർച്ച് പ്രീസ്റ്റ് വർഗീസ് കരിപ്പേരി സംസാരിച്ചു. നവവൈദികർ ആരംഭിച്ചിരി ക്കുന്ന ഇശോയുടെ പൗരോഹിത്യ ജീവിതം അവർ ആയിരിക്കാൻ പോകുന്ന സാഹചര്യ ങ്ങളിൽ ഉള്ള എല്ലാ വിശ്വാസികൾക്കും ദൈവസ്നേഹത്തിന്റെയും ദൈവാനുഗ്രഹ ത്തിന്റെയും ഒരു സാന്നിധ്യം ആകട്ടെ എന്ന് നവവൈദികർക്കുവേണ്ടി ഇടവക വിശ്വാ സികൾ മുഴുവൻ ആശംസകൾ നേർന്നുകൊണ്ട് പ്രാർത്ഥിച്ചു.




**ഫാ. വർഗ്ഗീസ് കരിപ്പേരി**
ആർച്ച് പ്രീസ്റ്റ്



# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. തോമസ് ഊക്കൻ | 02 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. സിജു പുളിക്കൻ | 09 |
| ഫാ. നോബിൾ പെട്ടയിൽ | 10 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 19 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. അനു ചാലിൽ | 27 |
| ഫാ. ജോജോ എടത്തിരുത്തി | 28 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. കുണ്ടുകുളങ്ങര ജോവി | 02 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |
| ഫാ. ജോർജ്ജ് മഞ്ഞളി | 07.02.2014 |
| ഫാ. ആന്റണി ചെറയത്ത് | 19.02.2015 |



## റവ. ഫാ. ലൂയിസ് ചാലയ്ക്കൽ (83)

പൗരോഹിത്യത്തിന്റെ പാവന പാതയിലൂടെ ആറു പതിറ്റാണ്ടുകൾ കഠിനാധ്വാനത്തിലൂടെയും ത്യാഗ പൂർണ്ണമായ സേവനങ്ങളിലൂടെയും പ്രയാണം ചെയ്ത തൃശൂർ അതിരൂപതയിലെ വൈദികനായ ബഹു. ചാല ക്കൽ ലൂയിസച്ചൻ 2021 ജനുവരി 15ന് രാത്രി 10.30ന് അന്തരിച്ചു.

തൃശ്ശൂർ അതിരൂപതയിലെ കണ്ടശ്ശാംക്കടവ് ഇടവ കയിലെ പരേതരായ വാറു, മറിയം ദമ്പതികളുടെ മക നായി 1937 മെയ് 13 ന് ബഹു. ലൂയിസച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദി കപരിശീലനം പൂർത്തിയാക്കിയശേഷം 1963 മാർച്ച് 11ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അജപാലന ഔത്സുക്യത്തോടെ ക്രിസ്തു വിനുവേണ്ടി ആത്മാക്കളെ നേടുവാനുള്ള ഉൾവിളിയുമായി പാലയൂർ, പുത്തൻപീടിക പള്ളികളിൽ അസി. വികാരിയായി സേവനം ചെയ്തു.

തുടർന്ന്, മുപ്ലിയം, നന്തിപുലം, പൊയ്യ, ചിറയ്ക്കൽ, വെള്ളാനി, പാറേക്കാട്ടുകര, കാരമുക്ക്, കാഞ്ഞാണി, പുത്തൻപീടിക, മരത്താക്കര, തൃക്കൂർ, തൊയക്കാവ്, പുലക്കാട്ടുക്കര, കല്ലൂർ വെസ്റ്റ് എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ടിച്ചു. 2003 ഒക്ടോബർ 30 മുതൽ ചേറൂർ വിയാനി ഹോമിൽ അച്ചൻ വിശ്രമജീവിതം നയിക്കുകയായിരുന്നു. 2021 ജനുവരി ആദ്യ ആഴ്ചയിലാണ് ബഹു. ലൂയിസച്ചൻ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലേക്ക് താമസം മാറിയത്.

പൗരോഹിത്യത്തെ ലാളിത്യത്തിന്റെ ആൾരൂപമാക്കിയ നിറപുഞ്ചിരിയുടെ സാന്നിദ്ധ്യമായിരുന്നു ലൂയിസച്ചൻ. അതിരൂപതയെ സ്നേഹിക്കുകയും അതിരൂപതയിലെ വൈദികരെ സ്വന്തമായി കരുതുകയും ചെയ്ത ലൂയിസച്ചൻ തന്റെ സമ്പത്തും സ്ഥലവും അതിരൂപതയ്ക്ക് പ്രത്യേകിച്ച് പ്രീസ്റ്റ് വെൽഫയറിലേക്ക് നല്കി സഭാസ്നേഹവും സഹോദരസ്നേഹവും തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കി. മറ്റുള്ളവരിൽ യേശുവിനെ കണ്ടുകൊണ്ട് നിർദ്ദനരായ വ്യക്തികൾക്ക് ചികിൽസ, വിദ്യാഭ്യാസം, വിവാഹം, ഭവനനിർമ്മാണം തുടങ്ങിയവയ്ക്ക് സഹായം നല്കുന്നതിലൂടെ ലൂയിസച്ചൻ തന്റെ ജീവിതം മഹത്വരമാക്കി.

1978 ൽ പ്രസിദ്ധീകരിച്ച ആദ്യപുസ്തകമായ *ഇടിനാദത്തിന്റെ പുത്രൻ* ഉൾപ്പെടെ 8 പുസ്തകങ്ങളുടെ രചയിതാവു കൂടിയാണ് ലൂയിസച്ചൻ. സാഹിത്യസാമൂഹിക രംഗത്ത് അതികായനായിരുന്ന അച്ചൻ ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ കമ്മിറ്റി അംഗമായും കേരള സാക്ഷരത യത്നം റിസോഴ്സ് അംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പരേതരായ ഫാ. ആന്റണി ചാലയ്ക്കൽ, സിസ്റ്റർ മോനിക്ക ഫ്രാൻസീസ് എ.എസ്.എം.ഐ, തോമസ്, മർത്ത എന്നിവർ സഹോദരങ്ങളാണ്.

2021 ജനുവരി 16 ശനി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കണ്ടശ്ശാംക്കടവ് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയ്ക്കും വി. ബലിക്കും അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മുഖ്യ കാർമികത്വം വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലി മദ്ധ്യേ അനുസ്മരണ സന്ദേശം നല്കി.

**കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ അഹോരാത്രം അധ്വാനിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചാലയ്ക്കൽ ബഹു. ലൂയിസച്ചന് അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ**



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

**ഡിസംബർ 2020**

**1. സി.എം.സി.**

ലോക്കൽ സുപ്പീരിയേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും ഒരു അർദ്ധദിന meeting, google meet വഴി സംഘടിപ്പിച്ചു. 'നാം സോദരർ' എന്ന ഫ്രാൻസീസ് പാപ്പയുടെ ചാക്രിക ലേഖനത്തെ അടിസ്ഥാനമാക്കി ഫാ. ജോളി വടക്കൻ ക്ലാസ്സ് നല്കുകയും, പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും കൗൺസിലേഴ്സും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷത്തെ ക്രിസ്തുമസ്സിന് പുതിയ അലങ്കാരവസ്തുക്കൾ ഒന്നും തന്നെ പുറത്തുനിന്ന് വാങ്ങിക്കാതെ ആ തുക പാവപ്പെട്ട കുടുംബങ്ങൾക്ക് പണമായോ സാധനങ്ങളായോ ക്രിസ്മസ്സ് സമ്മാനമായി നല്കി.

**2. എഫ്.സി.സി.**

കൊന്നക്കുഴി അന്തോണിയാനത്തിൽ വച്ച് ഡിസംബർ 10-ാം തീയതി ആരംഭിച്ച ഒരുക്കധ്യാനത്തിൽ പോസ്റ്റുലൻസിയിലേക്ക് പ്രവേശിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ 4 പ്രീ-പോസ്റ്റുലന്റ്സ് സംബന്ധിച്ചു. സഭാസ്ഥാപനദിനമായ ഡിസംബർ 14-ാം തീയതി Phase II - ലെ 4 അർത്ഥിനികൾ കൊന്നക്കുഴി അന്തോണിയാനത്തിൽ വെച്ച് പോസ്റ്റുലന്റ്സിയിലേക്കും 7 പോസ്റ്റുലന്റ്സ് വെങ്ങിണിശ്ശേരി അൽവേർണിയ കോൺവെന്റിൽ വച്ച് കാനോനിക നൊവിഷ്യേറ്റിലേക്കും പ്രവേശിച്ചു. കെനിയ മിഷ

നിലെ Phase II – ലെ 2 അർത്ഥിനികൾ റുവായ് സെൻ്റ് അൽഫോൻസ ഫോർമേഷൻ ഹൗസിൽ വെച്ച് പോസ്റ്റുലൻസിയിലേക്കും, ഒരു പോസ്റ്റുലൻ്റ് Donyo Sabuk ൽ സാൻഡാമിയാനോ കോൺവെൻ്റിൽ വച്ച് കാനോനിക നൊവിഷ്യേറ്റിലേക്കും പ്രവേശിച്ചു. ഡിസംബർ 15–ാം തീയതി റുവായ് സെൻ്റ് അൽഫോൺസ ഫോർമേഷൻ ഹൗസിനോട് ചേർന്നുള്ള പ്രവർത്തിക്കുന്ന സെൻ്റ് അൽഫോൺസ ചിൽഡ്രൻസ് ഹോമിൻ്റെ വെഞ്ചരിപ്പുകർമ്മം നൈറോബി അതിരൂപത സഹായമെത്രാൻ Rt. Rev. Msgr. David Kamu നിർവ്വഹിച്ചു. ബോൺനത്താലെ 2020–കാരുണ്യപ്രവർത്തനങ്ങൾക്കായി വൈലത്തൂർ സേക്രഡ്ഹാർട്ട് കോൺവെൻ്റിനോട് ചേർന്നുള്ള 50 സെൻ്റ് ഭൂമി അതിരൂപതയ്ക്ക് സാന്ത്വനത്തിന് കൈമാറി.

**3. സി.എച്ച്.എഫ്.**

ഒളരിക്കര ഇടവകയിൽ ഡീക്കൻ മിനിസ്ട്രി ചെയ്തിരുന്ന നവവൈദീകൻ റവ.ഫാ.ജിതിൻ കടയിലാൻ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും സമൂഹാംഗങ്ങളൊന്നിച്ച് സന്തോഷം പങ്കുവയ്ക്കുകയും ചെയ്തു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഫാ. റാഫേൽ കോക്കാടൻ്റെ നേതൃത്വത്തിൽ 5 ദിവസത്തെ വാർഷികധ്യാനം നടത്തി. നവജ്യോതി പ്രോവിൻസിൻ്റെ കീഴിലുള്ള സ്ക്കുളുകളിലെ ഹെഡ്മിസ്ട്രസ്സ് മാരുടെ മീറ്റിങ്ങ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപതയിലെ ഡി.ബി.സി.എൽ.സി. യിൽ വച്ച് നടന്ന കോവിഡ് 19 ടാസ്ക് ഫോഴ്സ് വളണ്ടിയേഴ്സിനെ ആദരിക്കുന്ന ചടങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. മേഴ്സി പോൾ ആശംസകളർപ്പിച്ച് സംസാരിച്ചു.

**4. സി.എസ്.എം.**

14/12/2020 ന് പ്രൊവിൽഷ്യൽ ഹൗസിൽ പുതുക്കി പണിത ചാപ്പൽ അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ആശീർവദിച്ചു. ക്രിസ്തുമസ്സ് ആഘോഷങ്ങളോടനുബന്ധിച്ച് കൊളങ്ങാട്ട്കരയിൽ നിർദ്ധനരായ 15 കുടുംബങ്ങൾക്ക് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ജിയോ മരിയയുടെ നേതൃത്വത്തിൽ സാമ്പത്തിക സഹായവും ക്രിസ്തുമസ്സ് കിറ്റും നൽകുകയുണ്ടായി. ക്രിസ്തുമസ്സിൻ്റെ അർത്ഥവും ചൈതന്യവും ആഴത്തിൽ ഉൾകൊള്ളുന്നതിനായി പ്രോവിൻസിലെ എല്ലാ ഭവനാഗംങ്ങൾക്കുമായി കിസ്തുമസ്സ് കരോൾ ഗാനം, പുൽക്കൂട് എന്നിവയുടെ മത്സരങ്ങൾ സംഘടിപ്പിച്ചു. 28ന് പ്രൊവിൻഷ്യൽ ഹൗസ് ചാപ്ലിൻ ബഹു.ഫാ.ജോസ് വട്ടകുഴിയുടെ സിൽവർ ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു,

## ആദരാഞ്ജലികൾ



**6.12.2020 : എഫ്.സി.സി** മമ്മിയൂർ ലിറ്റിൽ ഫ്ളവർ ഭവനാംഗമായ ബഹു. സി. ഒലിവർ നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 7–ാം തീയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



**14.12.2020 : സി.എച്ച്.എഫ്.** നവജ്യോതി പ്രോവിൻസിലെ ഒളരിക്കര ഹോളിഫാമിലി ഭവനാംഗമായ സി. ഫ്രെഡറിക് നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാർ ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ ഒളരിക്കര ഹോളിഫാമിലി ഭവന സെമിത്തേരിയിൽ സംസ്ക്കാരകർമ്മം നടത്തി.



**18.12.2020 : എഫ്.സി.സി** തിരൂർ സിയോൺ റിന്യുവൽ സെന്റർ ഭവനാംഗമായ ബഹു. സി. ക്യാൻഷ്യസ് നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 19 –ാം തീയതി ഉച്ചതിരിഞ്ഞ് 3 മണിക്ക് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



**21.12.2020 : സി.എം.സി.** സെന്റ് പോൾസ് കുരിയച്ചിറ ഭവനാംഗമായ സി. ഗ്രിമോണിയ നിര്യാതയായി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

യേശുവിൽ വാത്സല്യം നിറഞ്ഞ കുഞ്ഞുമക്കളെ,

നിങ്ങൾക്ക് എല്ലാവർക്കും സുഖമെന്ന് വിശ്വസിക്കുന്നു. ചിലർക്കെങ്കിലും സ്കൂളുകൾ തുറന്ന് പഠനം ആരംഭിച്ചു എന്ന് മനസ്സിലാക്കുന്നു. വാർഷിക പരീക്ഷകൾക്ക് ഇനി അധികം സമയമില്ല. കൂടുതൽ ഉത്സാഹത്തോടെ പഠനത്തിനായി മാറ്റി വയ്ക്കേണ്ട ദിനങ്ങളാണ് കടന്നുവരുന്നത്. പരിശുദ്ധാത്മാ വിനോട് നന്നായി പ്രാർത്ഥിച്ച് പരീക്ഷകൾക്ക് നന്നായി ഒരുങ്ങുക. സ്കൂളിലെ പരീക്ഷ പോലെതന്നെ പ്രധാനപ്പെട്ടതാണ് വേദോപദേശ പരീക്ഷകളും. ദൈവത്തെക്കുറിച്ച് അറിവ് നേടാനുള്ള അവസരമായി ഇതിനെ കാണണം.

ഒരിക്കൽ ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്ന ഒരു യുവാവ് തന്നോടൊപ്പം യാത്ര ചെയ്യുകയായിരുന്ന വൃദ്ധൻ പ്രാർത്ഥിക്കുന്നത് ഒട്ടും ഇഷ്ടപ്പെട്ടില്ല. ചെറുപ്പക്കാരൻ വൃദ്ധനോട് പറഞ്ഞു: ദൈവം വെറും സങ്കല്പം മാത്രമാണ്, നിങ്ങൾ എന്തിനാണ് എപ്പോഴും ഇങ്ങനെ പ്രാർത്ഥിക്കുന്നത്? ഇതുകേട്ട് വൃദ്ധൻ ഉറക്കെ ചിരിച്ചു. എന്നിട്ട് പറഞ്ഞു, ഇത് ഞാൻ എല്ലാ ദിവസവും ഈ സമയത്ത് നടത്തുന്ന പ്രാർത്ഥനയാണ്. ഉടനെ യുവാവ് മറുപടി നൽകി; നിങ്ങൾ കാത്തിരിക്കുന്ന ദൈവം ഇല്ല എന്നും അത് വെറും സങ്കൽപം മാത്രമാണെന്നും നിങ്ങൾക്ക് ശാസ്ത്രജ്ഞന്മാർ തെളിയിച്ചുതരും. ഇതുകേട്ട വൃദ്ധൻ ചിരിച്ചു. എന്നിട്ട് തിരിഞ്ഞ് ജനലിലൂടെ പ്രകൃതിഭംഗി ആസ്വദിക്കാൻ തുടങ്ങി. വൃദ്ധനായ മനുഷ്യൻ ഇറങ്ങാനുള്ള സമയമായപ്പോൾ യുവാവ് അദ്ദേഹത്തോട് ചോദിച്ചു എന്താണ് നിങ്ങളുടെ പേര്? ലൂയി പാസ്റ്റർ എന്ന് പറഞ്ഞ് വൃദ്ധൻ അയാൾക്ക് ഒരു വിസിറ്റിംഗ് കാർഡ് നൽകി. ട്രെയിനിൽ നിന്നും ഇറങ്ങിയപ്പോഴാണ് യുവാവ് മനസ്സിലാക്കിയത് ശാസ്ത്രത്തിന് വിലയേറിയ സംഭാവനകൾ നൽകിയ മഹാൻ ആയിരുന്ന ലൂയി പാസ്റ്ററാണ് അതെന്ന്.

ഞാൻ ഈ സംഭവകഥ നിങ്ങളോട് പറയാൻ കാരണം ഇതിൽ ചെറുപ്പക്കാരനുണ്ടായ സംശയം പലപ്പോഴും നിങ്ങൾക്കും ഉണ്ടാകാറുണ്ട്. സംശയം മറ്റു വിധത്തിലാണെന്ന് മാത്രം. എന്തിനാണ് കാറ്റിസം പഠിക്കുന്നത്? കാറ്റിസം പഠിച്ചതുകൊണ്ട് എന്താണ് ഉപകാരം? ലോകത്തിന്റെ വിജ്ഞാനം നേടി നമ്മൾ എത്ര വളർന്നാലും ദൈവത്തെക്കുറിച്ച് അറിവ് നേടുന്നതിൽ നമ്മൾ പുറകിലാകരുത്. ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ (യോഹ. 17:3). സുവിശേഷത്തിൽ വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുന്നു: നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും ചെയ്യും (യോഹ. 8:32). അതുകൊണ്ട് ജീവിതത്തിൽ നമ്മൾ എന്തൊക്കെ നേടിയെന്ന് അവകാശപ്പെട്ടാലും ദൈവത്തെക്കുറിച്ചുള്ള അറിവ് നേടിയില്ലെങ്കിൽ നമ്മൾ പരാജയപ്പെട്ടുപോകും. വേദപാഠം പഠിക്കുന്നത് ദൈവത്തെക്കുറിച്ചുള്ള അറിവുനേടാനാണ്. എത്രമാത്രം നേടി എന്നത് പരിശോധിക്കുന്നതിന്റെ മാനദണ്ഡമാണ് വേദോപാഠ പരീക്ഷകൾ. ദൈവത്തെക്കുറിച്ചുള്ള അറിവ് നേടുന്നതിൽ നമ്മൾ പുറകിലാകരുതെന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു.

ഈ മാസം ഫെബ്രുവരി 14–ാം തീയതി മുതൽ വലിയ നോമ്പ് ആരംഭിക്കുകയാണ്. നോമ്പുകാലം സഭയുടെ ആരാധനക്രമം അനുസരിച്ച് ഏറ്റവും വലിയ തിരുനാളുകൾക്കു മുൻപ് നടത്തുന്ന ഒരുക്കകാലഘട്ടമാണ്. സീറോ മലബാർ സഭയിലെ നമ്മുടെ പൂർവികന്മാർ പലതരത്തിലുള്ള നോമ്പുകൾ അനുഷ്ഠിക്കാറുണ്ട്. ഈസ്റ്ററിന് ഒരുക്കമായുള്ള 50 നോമ്പ് (വിഭൂതി മുതൽ ഈസ്റ്റർ വരെ), ക്രിസ്തുമസ്സിനു ഒരുക്കമായുള്ള 25 നോമ്പ് (ഡിസംബർ 1 മുതൽ – 25 വരെ), മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിന് ഒരുക്കമായുള്ള 15 നോമ്പ് (ആഗസ്റ്റ് 1 മുതൽ – 15 വരെ), മാതാവിന്റെ ജനത്തിന് ഒരുക്കമായുള്ള 8 നോമ്പ് (സെപ്റ്റംബർ 1 മുതൽ 8 വരെ), നിനവേ നിവാസികളുടെ ഉപവാസത്തെ അനുസ്മരിച്ചുകൊണ്ടുള്ള മൂന്നുനോമ്പ് തുടങ്ങിയവ. മത്തായിയുടെ സുവിശേഷം 6–ാം അദ്ധ്യായത്തിൽ നോമ്പുകാല ചൈതന്യം വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയാണത്.

അതിനാൽ കൂടുതൽ സമയം നാം പ്രാർത്ഥനയിൽ ചെല

വഴിക്കണം. സാധിക്കുന്ന ദിവസങ്ങളിലെല്ലാം കുർബാ നയിൽ പങ്കുകൊള്ളുകയും വെള്ളിയാഴ്ചകളിൽ കുരിശിന്റെവഴി നടത്തുകയും വേണം. വെള്ളിയാഴ്ചയെങ്കിലും ഒരു നേരം എടുക്കുവാൻ (ഉപവാസം) നിങ്ങൾ ശ്രമിക്കുമല്ലോ. പാപ ത്തെക്കുറിച്ച് പശ്ചാത്തപിച്ച് നല്ല കുമ്പസാരം നടത്തണം. വഴക്ക് ഉള്ളവരുമായി രമ്യതപ്പെടണം. നിങ്ങൾക്കിഷ്ടപ്പെട്ട ചില വസ്തുക്കൾ ഉപേക്ഷിച്ചു 50 ദിവസങ്ങളായി മിച്ചം വയ്ക്കുന്ന സംഖ്യ പാവപ്പെട്ടവർക്ക് കൊടുക്കണം. മിഷൻ പ്രവർത്തനത്തിൽ സഹായിക്കുന്നത് നല്ല ചൈതന്യമാണ്.

നിങ്ങൾക്കേവർക്കും അനുഗ്രഹദായകമായ നോമ്പുകാലം ആശംസിക്കുന്നു. പരീക്ഷകളിൽ വിജയം നേരുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

വിശ്വാസപരിശീലന ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ ഈ മാസം രണ്ടാമത്തെ ഞായറാഴ്ച മുതൽ ആരംഭിക്കുന്നു. നന്നായി ഒരുങ്ങാം. പാഠങ്ങൾ കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം. അവധി ക്കാലം വിശ്വാസപരിശീലനം തുടരാനുള്ള അവസരമാണ്. പഠിച്ചവയൊക്കെ പ്രാവർത്തികമാക്കാനുള്ള അവസരം. ഈശോയുടെ സമർപ്പണത്തെ മാതൃകയാക്കി ദൈവവിളികളെക്കുറിച്ച് വിവേചിച്ചറി യാനും അവധിക്കാലം വിനിയോഗിക്കാം. നന്നായി ഒരുങ്ങി വിശ്വാസപ രിശീലന പരീക്ഷകൾ ചെയ്യാം. എല്ലാവർക്കും നല്ല വിജയം ആശംസി ക്കുന്നു.

1. **പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2021 ഫെബ്രുവരി 7
ദിവസം : ഞായർ
സമയം : 02.30 PM
സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധ

മായും പങ്കെടുക്കേണ്ടതാണ്. എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ വാട്സാപ്പിലൂടെ അറിയിക്കുന്നതായിരിക്കും.

**2. വാർഷിക പരീക്ഷകൾ**

വാർഷിക പ്രോഗ്രാം അനുസരിച്ച് ഫെബ്രുവരി മാസത്തിൽ വാർഷികപരീക്ഷകളാണ്. അതിനായി കുട്ടികളെ ഒരുക്കമെല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെയും ബ്ലോഗിലൂടെയും അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലൊ.

2021 ഫെബ്രുവരി 14, 2PM-4PM: Stds. X, XII & ACC (2PM-5PM)
2021 ഫെബ്രുവരി 21, 2PM-4PM: Stds. I, III, V, VII, IX & XI
2021 ഫെബ്രുവരി 28, 2PM-4PM: Stds. II, IV, VI, VIII & 2020 ACC

**Re-Exam**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളതും കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.

**3. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ച് :**

1. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തക രൂപത്തിലുള്ള **Question & Answer Book** വിശ്വാസ പരിശീലന കേന്ദ്രത്തിൽ നിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.
2. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ

ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും ചെല്ലേണ്ട യൂണിറ്റിലേയും പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

3. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

**4. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി **–ജനുവരി 25.** ജനുവരി 25 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുന്നതിനുള്ള രജിസ്റ്റർ നമ്പറും എസിസി വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും ലഭിക്കുകയുള്ളു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**5. Std. XII Re-Examination നെ സംബന്ധിച്ച വിവരങ്ങൾ**

12–ാം ക്ലാസ്സിലെ വാർഷികപരീക്ഷയിൽ തോൽക്കുകയോ, ആബ്സന്റാവുകയോ ചെയ്തവർക്ക് 2020–21 ലെ വാർഷികപരീക്ഷ എഴുതാവുന്നതാണ്. ഇതിനുവേണ്ടി യൂണിറ്റധികൃതർ ചെയ്യേണ്ട കാര്യങ്ങൾ:

1. പരീക്ഷ എഴുതുന്ന വിദ്യാർത്ഥിയെ സോഫ്റ്റ് വെയറിൽ ജനുവരി 26 നു ശേഷംആക്ടിവേറ്റ് ചെയ്യണം.
2. വിദ്യാർത്ഥിയുടെ പ്രീവിയസ് ഇയർ മാർക്ക് എൻട്രി കൃത്യമാക്കി സേവ് ചെയ്യണം.
3. ജനുവരി 26 –ാം തിയതി മുതൽ ഫെബ്രുവരി 2–ാം തിയതി വരെയുള്ള ദിവസങ്ങളിൽ ഈ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തിയെങ്കിൽ മാത്രമെ വിദ്യാർത്ഥികൾക്ക് രജിസ്റ്റർ നമ്പർ ലഭിക്കുകയുള്ളൂ.

**6. ACC Re-Examination**

**2019–20** വർഷം റിഎക്സാമിനേഷന് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാൻ സാധിക്കാതിരുന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം നിങ്ങളുടെ യൂണിറ്റിൽ തന്നെ പരീക്ഷ എഴുതാവുന്നതാണ്. പരീക്ഷാ തിയതി– ഫെബ്രുവരി 28 2pm മുതൽ 5pm വരെ. കഴിഞ്ഞ വർഷത്തെ മൂന്നാം വർഷ വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ Deactivate ചെയ്യുവാൻ പറഞ്ഞിരുന്നു. ഈ വിദ്യാർത്ഥികളെ ഫെബ്രുവരി 14 നുശേഷം Activate ചെയ്യേണ്ടതാണ്. റിഎക്സാമിനേഷന് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് നിങ്ങളുടെ സോഫ്റ്റ് വെയറിൽ നിന്നും എടുക്കാവുന്നതാണ്. എടുക്കേണ്ട വിധം: ACC Management-Re-Exam-Registration List- Year Select (2019-2020) Load Students.

7. **Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയം**

താഴെ പറയുന്ന തിയ്യതികളിൽ DBCLC യിൽ നടത്തുന്നു. സമയം (09.30 am 04.30 pm)

Std. XII : 2021 മാർച്ച് 6, 7 ശനി, ഞായർ

ACC : 2021 മാർച്ച് 6, 7, 13, 14 (ശനി, ഞായർ ദിവസങ്ങൾ)

1. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research –ന്റെ തീരുമാനപ്രകാരവും മേൽനോട്ടത്തിലുമാണ്.
2. Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാവരും നിർബന്ധമായും വരേണ്ടതാണ്.

8. **ഉത്തരക്കടലാസു പരിശോധന:** Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും പ്രിൻസിപ്പാലിന്റെയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ വിശ്വാസപരിശീലകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും പരീക്ഷകൾക്കുശേഷം ലഭിക്കുന്നതാണ്. ബ്ലോഗ് അഡ്രസ്സ് http://catechismtrichur.blogspot.in വിദ്യാർത്ഥികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ വിശ്വാസപരിശീലനകേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്;നൽകിയ ഉത്തരക്കടലാസ്സുകളുണ്ടോ എന്ന് വികാരിയച്ചനും പ്രിൻസിപ്പലും പരിശോധിക്കേണ്ടതാണ്.

9. **Internal Assessment Mark Entry**

പരീക്ഷാ തിയതിയിലെ അറ്റൻഡൻസ് വരെ എന്റർ ചെയ്തതിനു ശേഷം മാത്രമെ ഇന്റേണൽ മാർക്ക് എൻട്രി നടത്താവൂ.

XII & ACC - Last Date: March 7

Std. I to XI - Last Date: March 14

സസ്നേഹം,

**ഫാ. റോയ്സൺ കൊള്ളന്നൂർ**
**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
*അസി. ഡയറക്ടർമാർ*

**ഫാ. ഫ്രാൻസിസ് ആളൂർ**
*ഡയറക്ടർ*

# INSTITUTE OF THEOLOGY

TRICHUR D B C L C
(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies:**

   ബെൽജിയത്തെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PMവരെയും നടത്തപ്പെടുന്നു. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് D B C L C യിലെ Institute of Theology Office- മായി ബന്ധപ്പെടുക. B.A. വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ, ഡിസംബർ മാസത്തിൽ വളരെ ഭംഗിയായി നടത്തപ്പെട്ടു. മുൻവർഷത്തെ പരീക്ഷകൾ പൂർത്തിയാക്കാത്തവർക്ക് അതിനുള്ള അവസരം ഉണ്ടായിരുന്നു. രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു

2. **Diploma in Theology Course:**

   24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും രണ്ടുക്ലാസ്സുകൾ എന്ന ക്രമത്തിൽ ഒരുവർഷംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്. അടുത്ത ക്ലാസ്സ് ഫെബ്രുവരി മാസത്തിലെ ഞായറാഴ്ചകളിൽ നടത്തപ്പെടുന്നതാണ്.

3. **Six Month Theology Course:**

   സന്യാസിനികൾക്കായി 6 Months regular Theology Course, affiliated to Chair for Christian Studies and Research of Calicut University ക്ലാസ്സുകൾ മേരിമാതാ സെമിനാരിയിൽ നടന്നുകൊണ്ടിരിക്കുന്നു.

ആശംസകളോടെ,

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

1. **ക്രിസ്തുമസ്-പുതുവത്സര തിരുക്കർമ്മങ്ങൾ**

ക്രിസ്തുമസിന് ഒരുക്കമായിട്ടുള്ള ധ്യാനം ഡിസംബർ 23-ാം തിയ്യതിയായിരുന്നു. ബഹു. ജിബിൻ താഴെക്കാടനച്ചൻ ധ്യാനചിന്ത കൾ പങ്കുവച്ചു. ക്രിസ്തുമസ് തിരുക്കർമ്മങ്ങൾക്ക് ബഹു. ഫാ. ചാക്കോ നടക്കേവേലിയിലും ബഹു. ഫാ. ഫ്രീജോ പാറയ്ക്കലും കാർമ്മികത്വം വഹിച്ചു. പുതുവത്സരദിനത്തിലെ തിരുക്കർമ്മങ്ങൾക്ക് ബഹു. ഫാ. പോൾ പുളിക്കൻ, ബഹു. ഫാ. സാജൻ പിണ്ടിയാൻ എന്നിവർ കാർമ്മികരായി.

2. **ദനഹാ തിരുനാൾ**

ക്രിസ്തുമസ് അവധി ജനുവരി 5-ാം തിയ്യതി അവസാനിച്ചു. അന്നു വൈകീട്ട് സെമിനാരികുടുംബം ദനഹാ തിരുനാളിനോടനുബന്ധിച്ചു ള്ള പിണ്ടിതെളിയിക്കൽ കർമ്മം നടത്തി. ബഹു. ബിജു നാഞ്ഞില ത്തച്ചൻ പ്രാർത്ഥനാശുശ്രൂഷക്ക് നേതൃത്വം നൽകി. ബഹു. ഡേവിസ് കാവുങ്കലച്ചൻ സന്ദേശം നൽകി. ദനഹാ തിരുനാൾ വിശുദ്ധ കുർബാ നയ്ക്ക് ബഹു. ബിൽജു വാഴപ്പിള്ളിയച്ചൻ കാർമ്മികത്വം വഹിച്ചു.

3. **മാസധ്യാനം**

2021 ലെ ആദ്യ മാസധ്യാനം ജനുവരി 15, 16 എന്നീ തിയ്യതികളി ലായിരുന്നു. ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിലച്ചൻ നൽകിയ നിർദ്ദേശങ്ങൾക്കനുസൃതം വൈദികവിദ്യാർത്ഥികളെല്ലാവരും പ്രാർത്ഥനാപൂർവ്വം സ്വയം വിലയിരുത്തി തങ്ങളുടെ ദൈവവിളി ജീവി തത്തെ ക്രമപ്പെടുത്തുവാൻ ഈ ധ്യാനാവസരം പ്രയോജനപ്പെടുത്തി.

4. **നവവൈദികർക്ക് സ്വീകരണം**

മേരിമാതാ മേജർ സെമിനാരിയിൽ നിന്നും ഈ വർഷം പരിശീലനം പൂർത്തിയാക്കി കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ട നവവൈദികർക്ക് ജനുവരി 10, 11, തിയ്യതികളിലായി സ്വീകരണം നൽകി. നവവൈദികരുടെ കാർമ്മികത്വത്തിൽ സെമി നാരി കുടുംബം ഒന്നുച്ചേർന്നർപ്പിച്ച ദിവ്യബലി അനുഭവദായകമായി രുന്നു. മേരിമാതാ സെമിനാരിയിൽ തത്വശാസ്ത്രം പഠിച്ച് മറ്റു സെ മിനാരികളിൽ പരിശീലനം പൂർത്തിയാക്കി ഈ വർഷം പൗരോഹിത്യം സ്വീകരിച്ച വൈദികർ ജനുവരി 18-ാം തിയ്യതി സെമിനാരി കുടുംബത്തോടൊപ്പം കൃതജ്ഞതാ ദിവ്യബലി അർപ്പിച്ചു.

5. **കെരിഗ്മ 2021**

2021 ജനുവരി 14–ാം തിയ്യതി വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി സംഘടിപ്പിച്ച കെരിഗ്മ 2021 എന്ന ഓൺലൈൻ പ്രസംഗമത്സരത്തിൽ ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥിയായ ബ്രദർ അരുൺ ആരക്കുന്നേൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

6. **ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീമതി മാഗി വർഗീസ്, കാഞ്ഞിരപറമ്പിൽ ഹൗസ്, കൊട്ടേക്കാട്, തൃശ്ശൂർ.
2. ശ്രീ. ജോസ് സിറിയക്, നിരപ്പേൽ ഹൗസ്, പട്ടിക്കാട്, തൃശ്ശൂർ.
3. ശ്രീ. മാത്യൂ പി. ആർ., പുത്തൂർ ഹൗസ്, പാലക്കൽ, തൃശ്ശൂർ.
4. ശ്രീ. ഡെന്നി ജോസഫ്, നീലങ്കാവിൽ ഹൗസ്, തൃശ്ശൂർ.

**Wellwisher Membership**

1. ശ്രീ. ജെന്റിൽ സി. ജെ., ചാണ്ടി ഹൗസ്, തൃശ്ശൂർ ഈസ്റ്റ്.
2. റവ. സി. സുപ്പീരിയർ, ക്രിസ്തുജ്യോതി എഫ്. സി. കോൺവെന്റ്, ചൊവ്വന്നൂർ, അടുപ്പൂട്ടി, തൃശ്ശൂർ.
3. ശ്രീമതി എൽസി താഴത്തേടത്ത്, മാന്ദാമംഗലം, തൃശ്ശൂർ.
4. ശ്രീ. ഷാജു കെ. പി., കുറ്റിക്കാട്ട് ഹൗസ്, കുണ്ടന്നൂർ, തൃശ്ശൂർ.
5. ശ്രീമതി അൽഫോൻസ ആന്റണി, കൂനൻ ഹൗസ്, കുട്ടനെല്ലൂർ, തൃശ്ശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മൈനർ സെമിനാരി

1. **തേർഡ് ടേം സമാരംഭം**

ക്രിസ്തുമസ് അവധിക്കാലം കഴിഞ്ഞ് സെമിനാരിക്കാർ പുതിയ ഉണർവ്വോടെ ജനുവരി മൂന്നാം തിയ്യതി സെമിനാരിയിൽ തിരിച്ചെത്തി. ജനുവരി 5, 6 ദിവസങ്ങളിൽ മാസധ്യാനത്തിൽ പങ്കെടുത്ത് ആറാം തിയ്യതി മുതൽ ക്ലാസുകൾ ആരംഭിച്ചു.

2. **ദനഹാ തിരുനാൾ ആഘോഷം**

ഈശോയുടെ മാമ്മോദീസായെ അനുസ്മരിച്ച് പ്രാർത്ഥനാപൂർവ്വം പിണ്ടിയിൽ ദീപം തെളിയിച്ച് ദനഹാ തിരുനാൾ ആചരിച്ചു.

**3. നവവൈദികർക്ക് സ്വീകരണം**

ജനുവരി 13, 14 തിയ്യതികളിൽ അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച 16 നവവൈദികർക്ക് മാതൃഭവനമായ മൈനർ സെമിനാരിയിൽ സ്വീകരണം നൽകി. നവവൈദികർക്ക് അഭിനന്ദനങ്ങളും ആശംസകളും അർപ്പിച്ച് വൈസ് റെക്ടർ ബഹു. ലിൻസൻ തട്ടിലച്ചൻ സംസാരിച്ചു. അനുമോദന യോഗത്തിൽ നവാഭിഷിക്തർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും സെമിനാരിക്കാർക്ക് പ്രചോദനാത്മകമായ സന്ദേശങ്ങൾ നൽകുകയും ചെയ്തു. ജനുവരി 14–ന് നവവൈദികർ സെമിനാരിയിൽ കൃതജ്ഞതാബലി അർപ്പിക്കുകയും ചെയ്തു.

**4. അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

ജനുവരി 11–ാം തിയ്യതി മാർ ആൻഡ്രൂസ് താഴത്ത് പിതാവും ജനുവരി 21–ാം തിയ്യതി മാർ ടോണി നീലങ്കാവിൽ പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**5. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. വി.എൽ. ഡേവിസ്, ചിറ്റാട്ടുകര
2. ശ്രീ ജോസഫ് ഡി. ബ്രഹ്മകുളം, ചേലക്കര
3. ശ്രീ ടി.ഒ. ദേവസ്സി, തൈക്കാട്ടിൽ ഹൗസ്, മരത്താക്കര
4. ശ്രീ. ജോസ് പി. ലാസർ, പുത്തൂക്കര ഹൗസ്, കത്തീഡ്രൽ, തൃശൂർ
5. ശ്രീ. തോമസ് സി.ജെ., ചാലക്കൽ ഹൗസ്, നെല്ലങ്കര
6. ശ്രീ. ആന്റണി വർക്കി, എരിഞ്ഞേരി ഹൗസ്, ഒല്ലൂർ
7. ലീജിയൻ ഓഫ് മേരി, പള്ളിക്കുന്ന്
8. ശ്രീ. കെ.കെ. ഫ്രാൻസിസ്, കമ്പക്കാരൻ ഹൗസ്, പുതുക്കാട്
9. ശ്രീ. ടി.ഒ. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
10. സെന്റ് ജോൺ മരിയ വിയാനി കുടുംബകൂട്ടായ്മ, വടക്കേ കാരമുക്ക്
11. ശ്രീ. ബോബൻ ജെ. വടക്കേത്തല, പൂത്തറക്കൽ
12. ശ്രീമതി ജോളി ഡെന്നി, മാങ്ങൻ ഹൗസ്, കാരമുക്ക്
13. ശ്രീ. തോമസ് എൻ.എൽ. നീലങ്കാവിൽ ഹൗസ്, മുണ്ടൂർ
14. ശ്രീമതി മേഴ്സി ഫ്രാൻസിസ്, മംഗലൻ ഹൗസ്, ഒല്ലൂക്കര
15. ശ്രീ. പി.വി. ജോസ്, പൊൻമാണി ഹൗസ്, എൽത്തുരുത്ത്

ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേർന്ന് അവിടുത്തെ കരുണ അനേകർക്ക് പകർന്നുകൊടുക്കാനൊരുങ്ങുന്ന വൈദിക വിദ്യാർത്ഥികളെ സഹായിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ദൈവവിളി

നിന്റെ വേദനയിൽ
നിന്നെ താങ്ങുന്ന കരങ്ങളുണ്ട്
നിന്റെ തകർച്ചയിൽ
നിന്നെ താങ്ങുന്ന നാഥനുണ്ട്.
അവൻ നിന്നെ ഒരിക്കലും കൈവിടില്ല...



**ഇപ്രകാരം കൈവിടാത്ത ദൈവത്തിനായി വേല ചെയ്യുവാൻ ഈശോ ക്ഷണിക്കുന്നു.**

**വൊക്കേഷൻ കമ്മീഷൻ**
തൃശൂർ അതിരൂപത
ഫോൺ: 8590207609

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ജൂബിലിയിൽ എനർജി കൺസർവേഷൻ വാരിയേഴ്സ് ഇ–ക്വിസ്**
നാഷണൽ എനർജി കൺസർവേഷൻ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ മെയ്ന്റനൻസ്, ഹ്യൂമൺ റിസോഴ്സ് ഡിപ്പാർട്ടുമെന്റുകൾ സംയുക്തമായി വാഹിനി ഗ്രീൻ ടെക്നോളജീസിന്റെ സഹകരണത്തോടെ ഓൺലൈനായി ഇ–ക്വിസ് മത്സരം സംഘടിപ്പിച്ചു.
ഇ–ക്വിസ് മത്സരവിജയികൾക്ക് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സമ്മാനങ്ങൾ നൽകി. ട്രാൻസ്ഫ്യൂഷൻ മെഡിസിനിലെ ഡോ. വി. ശ്രീരാജ്, ഹൗസ് സർജൻ ഡോ. ജോയിമോൻ സുജോ, ഫുഡ് & ഹോസ്പിറ്റാലിറ്റി സെർവിസസ്സ് മാനേജർ ശ്രീ. നെൽവിൻ സി. ജോൺ എന്നിവർ BLDC ഫാനുകൾ കരസ്ഥമാക്കി. ജനറൽ സർജറി വിഭാഗത്തിലെ ഡോ. ഹാപ്പി ജോണി വാകയിൽ, നഴ്സിംഗ് വിഭാഗത്തിലെ ശ്രീമതി നിമ്മി പി. ബാബു, ശ്രീമതി ലിൻസി പി. എഫ്. എന്നിവർ 20 N95 മാസ്ക്കിനും അർഹരായി.
2. **ജൂബിലിയിൽ നക്ഷത്രദീപത്തിൽ തിരി തെളിയിച്ചു**
കൊറോണയുടെ ഈ കാലത്തും ശ്രീ. ജോബിയുടെ നേതൃത്വത്തിൽ എൻജിനീയറിങ്/മെയ്ന്റനൻനൻസ് ജീവനക്കാർ ജൂബിലി മിഷനിൽ

ക്രിസ്തുമസ് പുൽക്കൂടും, അതിനോടനുബന്ധിച്ച നക്ഷത്രവും ഒരുക്കി. പ്രതീക്ഷയുടെ പൊൻ വെളിച്ചം തെളിയിച്ചുകൊണ്ട് ജൂബിലി മിഷനിൽ ഏഴാം ഗേറ്റിനരികെ ഒരുക്കിയ ക്രിസ്തുമസ് പുൽക്കൂടും, നക്ഷത്രവും തൃശൂർ കോർപ്പറേഷൻ 24 ഡിവിഷൻ കൗൺസിലർ ശ്രീമതി ലീല വർഗീസ് സ്വിച്ച് ഓൺ ചെയ്ത് ഉദ്ഘാടനം ചെയ്യുകയും കേക്ക് മുറിക്കുകയും ചെയ്തു.

3. **ഡോ. വി. സി. മനോജ് NNFന്റെ എക്സിക്യൂട്ടീവ് ബോർഡ് അംഗമായി**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ നിയോനേറ്റോളജി വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസറും, നാഷണൽ നിയോനേറ്റോളജി ഫോറം (NNF) കേരളയുടെ പ്രസിഡണ്ടുമായ ഡോ. വി. സി. മനോജിനെ, 2021-22 കാലഘട്ടത്തിലെ സൗത്ത് സോൺ എക്സിക്യൂട്ടീവ് ബോർഡ് മെമ്പറായി വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുത്തു.

4. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**

CMAI നടത്തിയ ഡിപ്ലോമ ഇൻ മെഡിക്കൽ റേഡിയോ ഡയഗ്നോസിസ് ടെക്നോളജി ദേശീയതല പരീക്ഷയിൽ ശ്രീ. അഗ്നിദത്തൻ രമേഷ് മൂന്നാം റാങ്ക് കരസ്ഥമാക്കി.

CMAI നടത്തിയ ഡിപ്ലോമ ഇൻ ഒപ്റ്റോമെട്രി & ഒഫ്താൽമിക് ടെക്നോളജി അവസാനവർഷ പരീക്ഷയിൽ ശ്രീമതി ഫസ്ന പി. എം. രണ്ടാം റാങ്ക് കരസ്ഥമാക്കി.

5. **ഡയാലിസിസിന് സംഭാവന നൽകിയവർ**

ശ്രീദേവി ഗംഗാധരൻ, വലിയവീട്ടിൽ ഹൗസ്, ചിയ്യാരം, തൃശ്ശൂർ (14 ഡയാലിസിസ്)

ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ (20 ഡയാലിസിസ്)

അസ്സീസി സോഷ്യൽ സർവ്വീസ് & സോഷ്യൽ എംപവറിങ്ങ് ട്രസ്റ്റ് (285 ഡയാലിസിസ്)

6. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ബ്ലെസ്സി ഉറുവത്ത്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
സി. വി. ജേക്കബ്, ചാലിശ്ശേരി ഹൗസ്, വലപ്പാട് പി. ഒ., തൃശ്ശൂർ
കല്ലേരി ഫ്രാൻസിസ്, ചൊവ്വൂർ, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. അന്തർദേശീയ ഫ്ളോക്‌ലോർ സിനിമോത്സവം**

ഐ.എഫ്.എഫ്.എഫി ന്റെ നാലാമത് അന്തർ ദേശീയ ഫ്ളോക്‌ലോർ സിനിമോത്സവം സെന്റ് തോമാസ് കോളേജിൽ വിവിധ വേദികളിലും വിർചൽ സ്ക്രീനിലുമായി നടത്തപ്പെട്ടു. മൂന്നു ദിവസം നീണ്ടു നിന്ന സിനിമോത്സവം ഹൈബ്രിഡ് ഫെസ്റ്റിവൽ എന്ന തരത്തിലാണ് സജ്ജമാക്കിയത്.

**2. ഉദ്ഘാടനം ചെയ്തു**

നവീകരിച്ച സ്പോർട്ട്സ്, പി. ജി ഹോസ്റ്റലിന്റേയും (സെന്റ് ജോർജ്ജ് ഹോസ്റ്റൽ), മേനാച്ചേരി ഹാളിന്റേയും ഉദ്ഘാടനവും വെഞ്ചിരിപ്പും, എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. വർഗീസ് കുത്തൂർ നിർവ്വഹിച്ചു. റൂസാ ഫണ്ടിൽ നിന്നാണ് ഹോസ്റ്റലും ഹാളും നവീകരിച്ചത്.

**3. കാമ്പസ് പ്ലെയ്സ്മെന്റ് ലഭിച്ചു**

എം.എസ്.സി ഫിസിക്സ് വിദ്യാർത്ഥി അപർണ്ണ രവിക്ക് 'സിഫൊ ആർഎൻഡി സൊലൂഷൻ' സ്ഥാപനത്തിൽ ഉയർന്ന ശമ്പളത്തോടെ ജോലി ലഭിച്ചു.

**4. നേട്ടം**

* ഫിസിക്സ് വിഭാഗം അദ്ധ്യാപകൻ ഡോ. വിമൽകുമാറിന്റെ നേതൃത്വത്തിൽ കേരള എനർജി മാനേജ്മെന്റിന്റെ ബാനറിൽ വിവിധ വിദ്യാഭ്യാസ മേഖലകളിലും, സ്ഥാപനങ്ങളിലും 'ഊർജ്ജോത്സവം' സംഘടിപ്പിച്ചു.
* കോഴിക്കോട് ഫാറൂക്ക് കോളേജിലെ മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച ഡെസ്മോസ് മത്സരത്തിൽ 'സുഡോക് ഹണ്ട്' വിഭാഗത്തിൽ ലക്ഷ്മി മേനോൻ ഒന്നാം സ്ഥാനം നേടി.
* ക്രൈസ്റ്റ് ഡീംഡ് യൂണിവേഴ്സിറ്റി ബാഗ്ലൂർ സംഘടിപ്പിച്ച ഐ റ്റി ഫെസ്റ്റിൽ ജോമിയ ജോജു, അക്ഷയ ആന്റണി എന്നിവർ ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടി.

**5. പുതിയ ഓഫീസ് സ്റ്റാഫ് അംഗങ്ങൾ**

കോളേജിലെ ഓഫീസിൽ ഒഴിവു വന്ന തസ്തികകളിലേക്ക് ഐജോ പി.ഐ, പോൾജൊ പോൾ, ജിയോ എം. ജോയ്, ജെസ്വിൻ സാജു, ഡെന്നി ഡൊമിനിക്ക്, ഷാരോൺ തോമസ്, ലീമ കെ. റ്റി എന്നിവരെ പുതിയതായി നിയമിച്ചു. പുതിയ അംഗങ്ങൾക്ക് സ്വാഗതം.

7. **മാത്തമാറ്റിക്സ് ഡേ ആചരിച്ചു**

മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദേശീയ മാത്തമാറ്റിക്സ് ഡേ ആചരിച്ചു. കാസർഗോഡ് രാമപുരം സെന്റ് പയസ് കോളേജ് അദ്ധ്യാപകൻ പ്രൊഫ. അജോ ജോസ് 'ടോക്ക് ഓൺ ശ്രീനിവാസ രാമാനുജൻ – ദ മാൻ ബിയോണ്ട് ഇൻഫിനിറ്റി' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് ശാസ്ത്രപ്രബന്ധങ്ങളുടെ അവതരണ മത്സരം ഓൺലൈനായി നടന്നു.

8. **വെബിനാർ**

* ഇന്നൊവേഷൻ സെല്ലിന്റ ആഭിമുഖ്യത്തിൽ 'മൈ സ്റ്റോറി – മോട്ടിവേഷനൽ സെഷൻ' എന്ന വിഷയത്തിൽ ശ്രീ പോൾ അലക്സ് (ഹൗണ്ട ഇലക്ട്രിക് ഫൗണ്ടർ) വെബിനാർ നയിച്ചു.
* മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'എമർജിങ്ങ് ട്രെൻഡ്സ് ഇൻ അപ്ലൈഡ് മാത്തമാറ്റിക്ക്സ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ (സഹായ മെത്രാൻ, തൃശൂർ) ഉദ്ഘാടനം ചെയ്തു. കോയമ്പത്തൂർ ഭാരതീയാർ യൂണിവേഴ്സിറ്റി, പ്രൊഫ. ഡോ. എസ്. പി. അഞ്ജലി ദേവി മുഖ്യപ്രഭാഷണം നടത്തി.

9. **ഓൺലൈൻ യുവജനോത്സവം**

ധ്വനി 2020 എന്ന പേരിൽ ഫൈൻ ആർട്ട്സ് സെൽ ഓൺലൈൻ യുവജനോത്സവം നടത്തി. ഫിലിം ആക്ടർ ശ്രീ കാളിദാസ് ജയറാം ഉത്ഘാടനം ചെയ്തു. ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഒന്നാംസ്ഥാനവും, കോമേഴ്സ് ആന്റ് ബി.ബി.എ രണ്ടാം സ്ഥാനവും, മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

10. **വാല്യു എയ്ഡഡ് കോഴ്സ്**

കോളേജ് ഇ. ഡി ക്ലബ്ബും തൃശൂർ ഇൻഡസ്ട്രിയൽ സെന്ററും ഒന്നുചേർന്ന് 'എന്റർ പ്രണോർഷിപ്പ് സ്ക്കിൽ എൻഹാൻസ്മെന്റ് ആന്റ് എംപ്ലോയബിലിറ്റി' എന്ന വിഷയത്തിൽ വാല്യു എയ്ഡഡ് സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു.

11. **ഹംസധ്വനി – 2020**

മ്യൂസിക്ക് ക്ലബിന്റെ ആഭിമുഖ്യത്തിൽ 'ഹംസധ്വനി 2020' എന്ന പേരിൽ ഇൻർ കോളേജിയേറ്റ് സെമിക്ലാസിക്ക് മ്യൂസിക്ക് മത്സരം സംഘടിപ്പിച്ചു. സെന്റ് സേവിയേഴ്സ് കോളേജ് ആലുവ, വിമല കോളേജ് തൃശൂർ എന്നീ കോളേജുകൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

12. **എനർജി കൺസർവേഷൻ ഡേ ആചരിച്ചു**

എനർജി ആന്റ് എൻവിറോൺമെന്റ് ക്ലബിന്റെ ആഭിമുഖ്യത്തിൽ

ദേശീയ ഊർജ്ജ സംരക്ഷണ ദിനം ആചരിച്ചു. പ്രിൻസിപ്പാൾ ഡോ. ജോയ് കെ. എൽ ഉദ്ഘാടനം ചെയ്തു. കോട്ടയം, കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫ. ആദിൽ നാസർ ഊർജ്ജസംരക്ഷണ പ്രഭാഷണം നടത്തി.

12. **ജന്മദിന ആശംസകൾ**
കോളേജ് പേട്രൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും, അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിനും ജന്മദിനമായ 13.12.20 ന് ആശംസകൾ നേർന്നു.

13. **വിദേശഭാഷാ പഠനാരംഭം ഉത്ഘാടനം ചെയ്തു**
സാന്തോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ആന്റ് ഫോറിൻ ഭാഷാ പഠനവിഭാഗത്തിന്റെ നേതൃത്വത്തിൽ പഠനക്ലാസ്സുകൾ ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം പ്രിൻസിപ്പാൾ ഡോ. ജോയി കെ.എൽ നിർവ്വഹിച്ചു. ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച്, ഇറ്റാലിയൻ, സ്പാനിഷ് ഭാഷകൾക്ക് ഈ പഠനവിഭാഗം പരിശീലനം നൽകുന്നു.

**പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ

## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

JYOTHI ENGINEERING COLLEGE
LEAD KINDLY LIGHT
CREATING TECHNOLOGY LEADERS OF TOMORROW
ESTD 2002

1. **ക്രിസ്തുമസ് ആഘോഷിച്ചു :** യേശുക്രിസ്തുവിന്റെ തിരുപിറവി അനുസ്മരിച്ചുകൊണ്ട് ജ്യോതി കുടുംബം ആ നല്ല സുദിനത്തിന്റെ ഓർമ്മ കൊണ്ടാടി. സ്റ്റാഫ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങളെല്ലാവരും ഒത്തൊരുമിച്ച് ക്രിസ്തുമസ്സിന്റെ സന്തോഷം പങ്കുവെച്ചു. തദവസരത്തിൽ മാനേജർ മോൺ. തോമസ് കാക്കശ്ശേരി അച്ചൻ തിരുപിറവിയുടെ സന്ദേശവും ആശംസകളും എല്ലാവർക്കും നേർന്ന് സംസാരിച്ചു. പ്രിൻസിപ്പൽ ഡോ. സണ്ണി ജോസഫ് കലയത്താങ്കൽ, ക്യാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ, അക്കാദമിക്സ് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ എന്നിവർ ഈ നല്ല ദിവസത്തിന്റെ ഓർമ്മകൾ പങ്കുവെച്ചു.
വിദ്യാർത്ഥികൾക്കായി ക്രിസ്തുമസ് ആഘോഷം നടത്തിയത് ഓൺലൈനിലൂടെയാണ്. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അദ്ധ്യാപകരുടെ സഹകരണത്തോടെ വിവിധ

കലാപരിപാടികളോടു കൂടി ക്രിസ്തുമസ് ആഘോഷം കൊണ്ടാടി. ഓൺലൈനായി നടന്ന ഈ ക്രിസ്തുമസ് ആഘോഷങ്ങളിൽ വകുപ്പ് മേധാവികളും, അദ്ധ്യാപകരും, വിദ്യാർത്ഥികളും ഒരു പോലെ പങ്കെടുത്തു.

2. **കൈവരിച്ച നേട്ടങ്ങൾ** : All Kerala Computer Society Student Convention 2020 സംഘടിപ്പിച്ച Page Design Challengeൽ രണ്ടാംവർഷ വിദ്യാർത്ഥി സിദ്ധാർത്ഥ്. പി രണ്ടാം സ്ഥാനം കരസ്ഥമാക്കി.
   ICT Academy of Kerala സംഘടിപ്പിച്ച National Mathematics Day Quiz മത്സരത്തിൽ രണ്ടാംവർഷ വിദ്യാർത്ഥി സിദ്ധാർത്ഥ് എസ് ഉണ്ണിത്താൻ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
   IEDC യുടെ നേതൃത്വത്തിൽ സംസ്ഥാനത്തിൽ നടന്ന Disaster Management Hackathon ൽ അക്ഷര സി. മൂന്നാം സ്ഥാനം സ്വന്തമാക്കി.
   ദേശീയ തലത്തിൽ നടന്ന FAER -McAfee Scholar Programme ജ്യോതിയിൽ നിന്ന് നാല് പേരടങ്ങുന്ന രണ്ട് ടീമുകൾക്ക് പ്രവേശനം ലഭിച്ചു. ആകെ 41 ടീമുകളെ ആണ് ഈ മത്സരത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്.
3. **ക്യാമ്പസ് പ്ലേസ്മെന്റ്:** കോളേജിൽ നടന്ന ക്യാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവിൽ വിദ്യാർത്ഥികൾക്ക് Cognizant Technology Solutions എന്ന സോഫ്റ്റ്‌വെയർ സ്ഥാപനത്തിൽ ജോലി ലഭിച്ചു. പഠനം പൂർത്തിയാക്കുന്നതിനു മുമ്പേ മികച്ച ജോലി ലഭിച്ചത് വിദ്യാർത്ഥികളുടെ കഴിവിനും, ജ്യോതിയുടെ മികവിന് ലഭിച്ച അംഗീകാരമാണ്.
4. **അർദ്ധദിന ശില്പശാല:** കോളേജിലെ ജേർണൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ Deep Learning and Graphical Models എന്ന വിഷയത്തെ ആസ്പദമാക്കി അർദ്ധദിന ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയിൽ വിവിധ കോളേജുകളിൽ നിന്നായി നൂറിലധികം അദ്ധ്യാപകർ പങ്കെടുത്തു.
5. **Energy Audit**: ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതിയുടെ ഉപയോഗവും, ഉപയോഗിക്കുന്നതിന്റെ അളവിനെ കുറിച്ച് അറിയാനുള്ള ഒരു ഉപാധിയാണ് Energy Audit. കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ രണ്ട് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്നായി അമ്പതിൽപ്പരം പേർ ഈ പരിശീലനം പൂർത്തിയാക്കി.
6. **നവ വൈദികന് സ്വീകരണം:** കോളേജിലെ പൂർവ്വ വിദ്യാർത്ഥി റവ: ജോമോൻ മങ്ങാട്ടിളയന് സ്വീകരണം നല്കി. 2007–2011 കാലഘട്ടത്തിൽ മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് പഠിച്ച്, ഈ വർഷം

തൃശൂർ അതിരൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച ജോമോൻ അച്ചൻ കോളേജിൽ വന്ന് ദിവ്യബലി അർപ്പിക്കുകയും കോളേജിലെ നല്ല ഓർമ്മകളും, സന്തോഷവും, അദ്ധ്യാപകരോടും, വിദ്യാർത്ഥിക ളോടുമായി പങ്കുവെക്കുകയും ചെയ്തു.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി

**മോൺ. തോമസ് കാക്കശ്ശേരി**
ചെയർമാൻ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **ക്രിസ്തുമസ് ആഘോഷിച്ചു**
മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2020 ഡിസംബർ 17ന് അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ക്രിസ്തുമസ് ആഘോഷിച്ചു. കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി സംഘടിപ്പിച്ചതിനാൽ വിവിധ പരിപാടികൾ ഉൾപ്പെടുത്തിയ വീഡിയോകൾ അവതരിപ്പിച്ചു കൊണ്ടായിരുന്നു ക്രിസ്തുമസ് ആഘോഷം. കോളേജ് പ്രിൻസിപ്പാൾ റവ.ഡോ.ചാക്കോ ചിറമ്മൽ ക്രിസ്തുമസ് സന്ദേശം നൽകി. .

2. **ക്ലാസുകൾ പുനരാരംഭിച്ചു**
ക്രിസ്തുമസ് അവധിക്കുശേഷം എം.എഡ്, ബി.എഡ് ക്ലാസുകൾ ഡിസംബർ 29ന് പുനരാരംഭിച്ചു.

3. **സിനർജി വെബിനാർ സീരിസ് – 4 സംഘടിപ്പിച്ചു**
മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ഡിസംബർ 31ന് ഫിസിക്കൽ സയൻസ് വിഭാഗം അധ്യാപിക ശ്രീമതി. ദുർഗ്ഗാമാലതിയുടെ നേതൃത്വത്തിൽ സിനർജി വെബിനാർ സീരിസ് – 4 സംഘടിപ്പിച്ചു. ജെൻഡർ ഡിസ്പാരിറ്റി ആൻഡ് എഡ്യുക്കേഷൻ എന്ന വിഷയം ആയിരുന്നു പ്രസ്തുത സെമിനാറിൽ അവതരിപ്പിക്കപ്പെട്ടത്.

4. **രണ്ടാം സെമസ്റ്റർ പരീക്ഷ അവസാനിച്ചു**
2021 ജനുവരി–4ന് ആരംഭിച്ച രണ്ടാം സെമസ്റ്റർ ബി.എഡ് പരീക്ഷ ജനുവരി 12ന് സമാപിച്ചു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

Santhwanam
ARCHDIOCESE OF TRICHUR

1. **ടാസ്ക് ഫോഴ്സ് വളണ്ടിയേഴ്സിന് ആദരം**

കോവിഡ് 19 പ്രതിസന്ധിയിലും സേവന മനോഭാവത്തോടെ സധൈര്യം മുന്നോട്ട് വന്ന സാന്ത്വനം ടാസ്ക് ഫോഴ്സിന് തൃശൂർ അതിരൂപതയുടെ ആദരം. കോവിഡ് രൂക്ഷമായതോടെ തൃശൂർ അതിരൂപതയിൽ കോവിഡ് മരണങ്ങൾ വന്നു. തൃശൂർ അതിരൂപതയിലെ ആദ്യ കോവിഡ് മരണം മുതൽ സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന ടാസ്ക് ഫോഴ്സ് ഇതിനോടകം നൂറിൽപരം സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 120–ൽ അധികം വളണ്ടിയേഴ്സ് ടാസ്ക് ഫോഴ്സിന്റെ ഭാഗമായി സ്തുത്യർഹമായ സേവനം ചെയ്തു വരുന്നു. തൃശൂർ അതിരൂപത മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിൽ സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി സ്വാഗതം ആശംസിച്ചു. അല്മായരും വൈദികരും ഉൾപ്പെട്ട വളണ്ടിയേഴ്സിനെ എല്ലാവരെയും മാർ ആൻഡ്രൂസ് താഴത്ത് സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി എന്നിവർ സംസാരിച്ചു. അസി.ഡയറക്ടർ ഫാ.സിന്റോ തൊറയന്റെ നന്ദിയോടെ യോഗം അവസാനിച്ചു.

2. **വീടുകൾ വെഞ്ചിരിച്ചു**

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ പ്രേഷിതത്വ കേന്ദ്രമായ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമിച്ച 6 ഭവനങ്ങളുടെ ആശീർവാദവും താക്കോൽദാനവും തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. എറവ്, കാഞ്ഞാണി,കല്ലൂർ ഈസ്റ്റ്, ചിറ്റിശ്ശേരി, മഞ്ഞക്കുന്ന്, കണ്ടശ്ശാംകടവ് എന്നീ ഇടവകകളിലാണ് ഓരോ വീടുകൾ നിർമാണം പൂർത്തീകരിച്ച് കുടുംബങ്ങൾക്ക് കൈമാറിയത്.

3. **പുതിയ സംഘങ്ങളുടെ മീറ്റിംഗ് സംഘടിപ്പിച്ചു**

അതിരൂപത സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ പുതിയ സ്വയം സഹായ സംഘങ്ങൾ (SHG) രൂപീകരിക്കുന്നതിന്റെ ഭാഗമായി പാലയ്ക്കൽ യൂണിറ്റിൽ മീറ്റിംഗ് നടത്തി.വികാരി ഫാ.ജോജു പൊറത്തൂർ, സാന്ത്വനം അസോ.ഡയറ

ക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ബീന വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ ഓരോ കുടുംബകൂട്ടായ്മയിൽ നിന്നും SHG ലീഡേഴ്സിനെ തിരഞ്ഞെടുക്കുകയും അവർ സ്വയം സഹായ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. സ്നേഹനിധിയിലുള്ള നീക്കിയിരിപ്പു തുകയിൽ നിന്ന് ചികിത്സാസ ഹായങ്ങൾ കൊടുത്തുകൊണ്ട് ഈ യൂണിറ്റ് അതിരൂപതയിലെ മാതൃക യൂണിറ്റായിരിക്കുകയാണെന്ന് യോഗത്തിൽ ആശംസിച്ചു.

4. **ഉൽപ്പാദകരുടെ മീറ്റിംഗ്**

ഉൽപ്പന്നങ്ങൾ സാന്ത്വനം മാർക്കറ്റിലേക്ക് കൊണ്ടുവരുന്നതിനായി ഉൽപ്പാദകരുടെ മീറ്റിംഗ് വീണ്ടശ്ശേരി പള്ളിയിൽ വച്ച് വികാരി റവ. ഫാ.ഡൊമിനിക് ചാഴൂർ, സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ. ജോസ് വട്ടക്കുഴി എന്നിവരുടെ നേതൃത്വത്തിൽ നടത്തി.

5. **ഭൂമി ഏറ്റുവാങ്ങി**

വൈലത്തൂർ സേക്രഡ് ഹാർട്ട് കോൺവെന്റിന്റെ 50 സെന്റ് സ്ഥലം FCC പ്രെവിൻഷ്യാൾ സി.ലിറ്റിൽ മേരിയും മച്ചാട് മണ ലിത്തറ തുറുവേലി മേരിയുടെ 24 സെന്റ് സ്ഥലവും അതിരൂപതാ സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനത്തിനു കൈമാ റി. അതിരൂപത മെത്രാപ്പോലീത്താ മാർ ആൻഡ്രൂസ് താഴത്ത് സാന്ത്വനത്തിനുവേണ്ടി സ്ഥലം ഏറ്റുവാങ്ങി.

6. **സേവ് എ ഫാമിലി**

ഈ സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ കുടുംബങ്ങളുടെ വാർഷിക പദ്ധതികൾക്കുള്ള നിർദേശങ്ങളും മാനദണ്ഡങ്ങളും വിശ ദീകരിക്കുന്ന ട്രെയിനിങ്ങ് ഗൂഗിൾ മീറ്റ് വഴി നടന്നു. കോർഡിനേ റ്ററും ആനിമേറ്റർമാരും പങ്കെടുത്ത ട്രെയിനിങ്ങിന് റീജിയണൽ പ്രോഗ്രാം ഓഫീസർ ശ്രീ. അൽറ്റോ ആന്റണി നേതൃത്വം നൽകി. കാലാവധി പൂർത്തീകരിച്ച 14 ഗുണഭോക്തൃ കുടുംബങ്ങളുടെ അക്കൗണ്ട് ക്ലോസിംഗ് നടത്തി, ബാലൻസ് തുക കൈമാറി. ഈ കുടുംബങ്ങളുടെ പുരോഗതി വിലയിരുത്തുകയും അടിസ്ഥാന സൗക ര്യങ്ങൾ നേടിയവരുടെ വിവരങ്ങൾ DDMS സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്തു. 76 ഉപകാരികൾക്കുള്ള ക്രിസ്മസ്, പുതുവത്സര കത്തുകൾ തയ്യാറാക്കി അയച്ചു കൊടുത്തു.

7. **ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സഹായം ലഭിച്ച ഇടവ കകളും സംഖ്യയും.**

ഒല്ലൂർ–Rs.30,000/–, ചാഴൂർ–Rs.20,000/–, പെരിങ്ങോട്ടുകര–Rs.50,000–, ചുവന്നമണ്ണ്–Rs.15,000/–, പങ്ങാരപ്പിള്ളി–Rs.25,000/–

8. **ബോൺ നതാലെ സാന്ത്വന പ്രവർത്തനങ്ങൾ**

ബോൺ നതാലെയുടെ ഭാഗമായി നടത്തുന്ന കാരുണ്യപ്രവർത്തനങ്ങൾക്ക് സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററായ സാന്ത്വനം നേതൃത്വം നൽകി. ഭൂമിയില്ലാത്ത 3 കുടുംബങ്ങൾക്ക് 3 സെന്റ് വിതം സ്ഥലം കൈമാറി. നിർമ്മാണം പൂർത്തിയാക്കിയ 2 ഭവനങ്ങളുടെ തക്കോൽ ദാനവും തദവസരത്തിൽ നിർവഹിച്ചു. മന്ത്രിമാരായ ശ്രീ.എ.സി മൊയിതീൻ, ശ്രീ.വി.എസ് സുനിൽ കുമാർ, തൃശൂർ അതിരൂപത മെത്രാപ്പോലീത്താ മാർ.ആൻഡ്രൂസ് താഴത്ത്, സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ചിഫ് വിപ്പ് രാജൻ, എം.ൽ.എ അനിൽ അക്കര, സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി, മുൻ മേയർ അജിത ജയരാജൻ, കളക്ടർ എസ്. ഷാനവാസ് , ഡി.എം.ഒ ഡോ. റീന, സിറ്റി പോലീസ് കമ്മീഷണർ ആദിത്യ ഐ.പി.സ്, വിവിധ ദേവസ്വം ബോർഡ് പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

| | |
|---|---|
| **ഫാ. ജോസ് വട്ടക്കുഴി**<br>അസോസിയേറ്റ് ഡയറക്ടർ | **ഫാ. ജോയ് മൂക്കൻ**<br>ഡയറക്ടർ |
| **ഫാ. പോൾ മാളിയമ്മാവ്**<br>അസി. ഡയറക്ടർ | **ഫാ. സിന്റോ തൊറയൻ**<br>അസി. ഡയറക്ടർ |

## അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

പ്രിയരെ, നമ്മുടെ യുവതിയുവാക്കൾക്ക് ഗവൺമെന്റ് ജോലി നേടിയെടുക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായി എല്ലാ യുവതിയുവാക്കളെയും പി.എസ്.സിയിലും എപ്ലോയ്മെന്റിലും രജിസ്റ്റർ ചെയ്യാൻ നിർബന്ധിക്കുമല്ലോ. വിശദവിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്.

**പ്രോജക്ട് 4** PSC ONE TIME REGISTRATION

സർക്കാർ ജോലികളിൽ റിസർവേഷൻ പ്രകാരം ക്രൈസ്തവർക്കും ജോലി ലഭിക്കാനുള്ള സാധ്യത വർദ്ധിച്ചിരിക്കുന്നതിനാൽ ഏവരും നടത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്

https:// www.afctcr.com/#/plan?id-=3H5A9GGflh

**പ്രോജക്ട് 5** EMPLOYMENT REGISTRATION & RENEWAL

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കാം. വിവിധ

കാരണങ്ങളാൽ 1999 ജനുവരി ഒന്നുമുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ എംപ്ളോയ്മെന്റ് എക്സചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടമായവർക്ക് 2021 ഫെബ്രുവരി 28 വരെ ഓൺ ലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്

https:// www.afctcr.com/#/plan?id-=wnhEzrVDjR

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

അതിരൂപത ഫെസിലിറ്റേഷൻ സെന്റർ, ഫാമിലി അപ്പസ്റ്റോലേറ്റ് സെന്റർ, കിഴക്കുംപാട്ടുകര, തൃശ്ശൂർ, ഫോൺ: 7902713325.7909293325

Email: info@afctcr.com, Web: https:/www.afctcr.com

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**മെറിറ്റ് ഡെ**

**2021 ഫെബ്രുവരി 21 ഞായർ 3** pm

2021 ജനുവരി 10 ന് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്താനിരുന്ന മെറിറ്റ് ഡെ ചില പ്രത്യേകസാഹചര്യത്താൽ 2021 ഫെബ്രുവരി 21 ന് ആണ് നടത്തുന്നത്. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കൾക്ക് കഴിഞ്ഞ അദ്ധ്യായന വർഷത്തിൽ 10, 12 ക്ലാസ്സുകളിൽ എ പ്ലസ് നേടിയ വിദ്യാർത്ഥിനി വിദ്യാർത്ഥികളെ ആദരിക്കുകയും ഒപ്പം കോറോണ കാലഘട്ടത്തിൽ അതിരൂപത കുടുംബകൂട്ടായാമ കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ നടത്തിയ വിവിധങ്ങളായ മത്സരവിജയികൾക്കുള്ള സമ്മാനദാനവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിക്കുന്നതായിരിക്കും. മെറിറ്റ് ഡെയ്ക്ക് സമ്മാനർഹരായ എല്ലാവരേയും ഫാമിലി അപ്പൊസ്റ്റൊലേറ്റിലേക്ക് 2021 ഫെബ്രുവരി 21–ാം തിയ്യതി ഞായറാഴ്ച്ച 3 മണിക്കുള്ള പരിപാടിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**1. സങ്കീർത്തനപാരായണ മത്സരവിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾക്ക് വേണ്ടി നടത്തിയ സങ്കീർത്തന പാരായണ മത്സരവിജയികൾ

1. ബിന്ദു പ്രിൻസ്, — നിർമ്മലപുരം ഇടവക
2. ഷെർളി ചാക്കോ — കണ്ണംകുളങ്ങര ഇടവക
3. അമ്പിളി സജി — മരോട്ടിച്ചാൽ ഇടവക

**2. പ്രോത്സാഹനസമ്മാനങ്ങൾ**

1. സീത്തു സോണി — മരോട്ടിച്ചാൽ ഇടവക
2. സിനി സണ്ണി — ഗുരുവായൂർ ഇടവക
3. ഷൈനി മോനി — പാവറട്ടി ഇടവക
4. രമ്യ ജെയ്ക്കബ് — പഴുന്നാന ഇടവക
5. ഷിജി ജെസ്റ്റിൻ — കാക്കശ്ശേരി മേഖല
6. റോഷ്നി സെബാസ്റ്റ്യൻ — ചേരുംകുഴി ഇടവക
7. ഷൈനി ബിജു — പുത്തൻ പീടിക ഇടവക

സങ്കീർത്തനപാരായണ മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ

**3. കരോൾഗാനമത്സര വിജയികൾ**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ കരോൾഗാനമത്സര വിജയികൾ

1. പോന്നോർ മാതൃവേദി യൂണിറ്റ്
2. കാവീട് മാതൃവേദി യൂണിറ്റ്
3. പുതുക്കാട് മാതൃവേദി യൂണിറ്റ്

**4. പ്രോത്സാഹനസമ്മാനങ്ങൾ**

1. കോനിക്കര മാതൃവേദി യൂണിറ്റ്
2. കൂനംമൂച്ചി മാതൃവേദി യൂണിറ്റ്

കരോൾഗാനമത്സരത്തിൽ പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ

**5. ഒത്തിരിനന്ദിയോടെ...**

കഴിഞ്ഞ ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അതിരൂപത മാതൃവേദി സംഘടനയിൽ നിന്ന് 25 പേർ വിജയിക്കുകയുണ്ടായി. ഇവർക്ക് ജനു

വരി 27 ന് അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ആദരം അർപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ച ആൻഡ്രൂസ് താഴത്ത് പിതാവിനും ആദരം ഏറ്റുവാങ്ങിയ എല്ലാ മാതൃവേദി അംഗങ്ങൾക്കും നന്ദി അർപ്പിക്കുന്നു

**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

ശ്രീമതി ജൂലി ബാബു
സെക്രട്ടറി

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

# സി.സി.ഡബ്ല്യു.ഐ.

**പുതിയ നേതൃത്വം**

അതിരൂപത സംഘടനയായ സി.സി.ഡബ്ലിയു.ഐ യുടെ പുതിയ ഭാരവാഹികൾ നിലവിൽ വന്നു. പ്രസിഡന്റ് ശ്രീമതി ടെസ്സി ജോസഫ്, സെക്രട്ടറി ശ്രീമതി എലിസബത്ത് ജോർജ്ജ്, ട്രഷറർ ശ്രീമതി മിനി മോഹൻ. എന്നിവരെ യോഗം ഐക്യകണ്ഠ്യേന തിരഞ്ഞെടുത്തു. ശ്രീമതി നിർമ്മല ആന്റോയുടെ നേതൃത്വത്തിലുള്ള പഴയ ഭാരവാഹികൾക്ക് അവരുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചുകൊണ്ട് യോഗം നന്ദി പറഞ്ഞു. 2021 ലെ കർമ്മപരിപാടികൾ ചർച്ച ചെയ്യുകയും പുതിയഭാരവാഹികൾ സംഘടന അംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

**ശ്രീമതി ടെസ്സി ജോസഫ്**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്

1. **സമുദായംഗങ്ങളായ ജനപ്രതിനിധികൾക്ക് സ്വീകരണം**
   തദ്ദേശസ്വയം ഭരണതിരഞ്ഞെടുപ്പിൽ വിജയിച്ച സമുദായംഗങ്ങളായ ജനപ്രതിനിധികൾക്ക് DBCLC യിൽ വെച്ച് സ്വീകരണവും അനുമോദനവും നൽകി. മാർ ആൻഡ്രൂസ് താഴത്ത് സംഗമം ഉദ്ഘാടനം ചെയ്യുകയും മാർ ടോണി നീലങ്കാവിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. മോൺ. ജോസ് വല്ലൂരാൻ, ഫാ. വർഗ്ഗീസ് കുത്തൂർ, അഡ്വ. ബിജു കുണ്ടുകുളം, എൻ.പി.ജാക്സൻ മാസ്റ്റർ, ശ്രീ. ആന്റണി തൊമ്മാന, തൊമ്മി പിടിയത്ത് എന്നിവർ സംസാരിച്ചു.
2. **കത്തോലിക്ക കോൺഗ്രസ് പൊളിറ്റിക്കൽ ഫോറം**
   തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പ് വിലയിരുത്തുവാനും, വരുന്ന നിയമസഭ തിരഞ്ഞെടുപ്പിനെകുറിച്ച് ആലോചിച്ച് കാര്യങ്ങൾ ക്രമീകരിക്കുന്നതിനുമായി പൊളിറ്റിക്കൽ ഫോറം കൂടി.
3. **നീതിക്കായ് പോരാട്ടത്തിൽ പ്രചരണം**
   "നീതിക്കായ് പോരാട്ടത്തിൽ" എന്ന ക്യാപ്ഷനോടുകൂടിയ പോസ്റ്റർ പ്രചരണം ഫൊറോനകളിലൂടെ ആരംഭിച്ച് രൂപത– ഫൊറോന–യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകുന്നു.

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

# KCYM

1. **കെസിവൈഎം സംസ്ഥാന കലോത്സവം**
   യുവജനങ്ങളുടെ കലാസാഹിത്യപരമായ കഴിവുകൾ സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗിക്കണമെന്ന് തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു.

കെസിവൈഎം സംസ്ഥാന കലോത്സവം, ഉത്സവ് 2020 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിലെ കോവിഡ് സാഹചര്യങ്ങൾ പരിഗണിച്ച് ഓൺ ലൈൻ ആയി ആണ് മത്സരങ്ങൾ നടത്തപ്പെടുക എന്ന് അദ്ധ്യക്ഷത വഹിച്ച സംസ്ഥാന പ്രസിഡന്റ് ബിജോ പി. ബാബു അറിയിച്ചു.

ഡിസംബർ 20 വരെ നീണ്ടു നിൽക്കുന്ന കലാ സാഹിത്യ മത്സരങ്ങളിൽ 32 രൂപതയിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുക്കും. കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ്, ജനറൽ സെകട്ടറി ക്രിസ്റ്റി ചക്കാലക്കൽ, വൈസ് പ്രസിഡന്റ് ജെയ്സൺ ചക്കേടത്ത്, സെക്രട്ടറി അനൂപ് പുന്നപ്പുഴ, ഫാ. ഡിറ്റോ കൂള, സാജൻ ജോസ്, സാജൻ മുണ്ടൂർ, അഖിൽ ജോസ് എന്നിവർ പ്രസംഗിച്ചു.

2. **സൈബർ സെല്ലിൽ പരാതി**

ക്രൈസ്തവ വിശ്വാസത്തെ ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെ തെറ്റായ പ്രചരണവും, മതവികാരങ്ങളെ വ്രണപ്പെടുത്തുകയും ചെയ്ത പോസറ്റിനെതിരെ കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സൈബർ ഇൻസ്പക്റ്റർ ബ്രിജു കുമാർ സാറിന് പരാതി നല്കി. ക്രിസ്തീയ വിശ്വാസത്തെ അപമാനിക്കുകയും, വ്രണപ്പെടുത്തു കയും ചെയ്ത പോസ്റ്റർ ഷെയർ ചെയ്യുകയും അനുകൂലിച്ച് അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളവരുടെ ഈ കുറ്റകൃത്യങ്ങളിൽ ഉള്ള പങ്ക് അന്വേഷിച്ച് തിട്ടപ്പെടുത്തേണ്ടതാണെന്ന് പരാതിയിൽ ആവശ്യപ്പെട്ടു.

3. **സ്റ്റിഗ്മ ഓൺലൈൻ വെബിനാർ**

കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ഡിസംബർ 1 തീയതി അതിരൂപതയിലെ വനിതകൾക്ക് 'HIV' യെക്കുറിച്ച് ഓൺ ലൈൻ വെബിനാർ നടത്തി. സംസ്ഥാന സെനറ്റ് മെംബർ മരിയ ആന്റെണി സ്വാഗതം പറഞ്ഞ വെബിനാറിന് അതിരൂപത വനിത വിഭാഗം വൈസ് പ്രസിഡന്റ് ജെയ്മി അധ്യക്ഷത വഹിച്ചു. തൃശ്ശൂർ അതിരൂപത അധ്യക്ഷൻ മാർ. ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വനിതകൾക്ക് കൂടുതൽ അറിവ് നൽകുന്ന ഈ വെബിനാറിന് നേതൃതം നൽക്കുന്ന കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപത സമിതിയെ പിതാവ് പ്രശംസിച്ചു. അനുഗ്രഹ പ്രഭാഷണം അതിരൂപത ഡയറക്റ്റർ റവ.ഫാ. ഡിറ്റോ കൂള നിർവഹിച്ചു.

**സാജൻ ജോസ്**
പ്രസിഡന്റ്

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ

**സാജൻ ജോയ്**
സെക്രട്ടറി

# സി.എൽ.സി.

1. **സി.എൽ.സി. യൂത്ത് ഇലക്ഷൻ**

**ഇടവക തലം**

തിയതി : 2021 ജനുവരി 17 മുതൽ ഫെബ്രുവരി 27 വരെ

ഇലക്ഷൻ ചുമതല : ഇടവക വികാരിക്കും സി.എൽ.സി യൂത്ത് പ്രസിഡന്റിനും

തിരഞ്ഞെടുക്കപ്പെടേണ്ടവർ : പ്രസിഡന്റ് , വൈസ്.പ്രസിഡന്റ് 2 (സ്ത്രീ + പുരുഷൻ), സെക്രട്ടറി, ജോയിന്റ് സെക്രട്ടറി 2 (സ്ത്രീ + പുരുഷൻ), ട്രഷറർ.

കഴിഞ്ഞ 6 മാസത്തിനുള്ളിൽ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ച യൂണിറ്റുകൾ ഉണ്ടെങ്കിൽ വീണ്ടും ഇലക്ഷൻ നടത്തേണ്ടതില്ല.

അതിരൂപത സി എൽ സി നിയമാവലി പ്രകാരമായിരിക്കണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

ഇലക്ഷൻ നടത്തുന്ന സമയവും തിയതിയും ഇടവകയിലെ മുഴുവൻ സി എൽ സി അംഗങ്ങളെ നിർബന്ധമായും അറിയിച്ചിരിക്കണം

ഇടവക സി എൽ സിയെ നയിക്കുവാൻ കഴിവും സമയവും ഉള്ളവരെ വേണം ഭാരവാഹികളായി തിരഞ്ഞെടുക്കാൻ.

**ഫൊറോന തലം**

തിയതി : 2021 ഫെബ്രുവരി 28 ഞായറാഴ്ച

ഇലക്ഷൻ ചുമതല : ഫൊറോന പ്രൊമോട്ടർക്കും സി എൽ സി ഫൊറോന പ്രസിഡന്റിനും

തിരഞ്ഞെടുക്കപ്പെടേണ്ടവർ : പ്രസിഡന്റ് , വൈസ്.പ്രസിഡന്റ് 2 (സ്ത്രീ + പുരുഷൻ), സെക്രട്ടറി, ജോയിന്റ് സെക്രട്ടറി 2 (സ്ത്രീ + പുരുഷൻ), ട്രഷറർ.

അതിരൂപത സി എൽ സി നിയമാവലി പ്രകാരമായിരിക്കണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

ഇലക്ഷൻ നടത്തുന്ന സമയവും തിയതിയും ഫൊറോനയിലെ മുഴുവൻ സി എൽ സി യൂണിറ്റ് ഭാരവാഹികളെയും നിർബന്ധമായും അറിയിച്ചിരിക്കണം.

201920 വർഷത്തെ അഫലിയേഷൻ ഫീസ് (150 രൂപ) ഇലക്ഷനു മുൻപ് ഓരോ യൂണിറ്റും അടക്കേണ്ടതാണ്.

ഫൊറോന സി എൽ സിയെ നയിക്കുവാൻ കഴിവും സമയവും ഉള്ള

വരെ വേണം ഭാരവാഹികളായി തിരഞ്ഞെടുക്കാൻ
നിർദിഷ്ട ഫോമിൽ ഇടവക ഭാരവാഹികളുടെ പേരു വിവരങ്ങൾ പൂരിപ്പിച്ചു വികാരിയുടെ ഒപ്പോടു കൂടി ഇലക്ഷനു മുമ്പ് ഫൊറോനാ പ്രൊമോട്ടർക്കു സമർപ്പിക്കണം.

**അതിരൂപത തലം**

തിയതി : 2021 മാർച്ച് 14 ഞായറാഴ്ച

ഇലക്ഷൻ ചുമതല : അതിരൂപത പ്രൊമോട്ടർക്കും അതിരൂപത പ്രസിഡന്റിനും

തിരഞ്ഞെടുക്കപ്പെടേണ്ടവർ : പ്രസിഡന്റ് , വൈസ്.പ്രസിഡന്റ് 2 (സ്ത്രീ + പുരുഷൻ), സെക്രട്ടറി, ജോയിന്റ് സെക്രട്ടറി 2 (സ്ത്രീ + പുരുഷൻ), ട്രഷറർ.

അതിരൂപത സി എൽ സി നിയമാവലി പ്രകാരമായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക.

നിർദിഷ്ട ഫോമിൽ ഫൊറോന ഭാരവാഹികളുടെ പേരു വിവരങ്ങൾ പൂരിപ്പിച്ചു പ്രൊമോട്ടറുടെ ഒപ്പോടു കൂടി ഇലക്ഷനു മുന്നേ അതിരൂപത പ്രൊമോട്ടർക്കു സമർപ്പിക്കണം.

2. **നന്ദി**

ഈ ഭരണ സമിതിയുടെ മുഴുവൻ പ്രവർത്തനങ്ങളിലും അകമഴിഞ്ഞ പിന്തുണയും സഹകരണവും പ്രോത്സാഹനവും നൽകിയ എല്ലാ വികാരിയച്ചന്മാർക്കും, കൊച്ചച്ചന്മാർക്കും, ഫൊറോന പ്രമോട്ടർമാർക്കും, ആനിമേറ്റർമാർക്കും എല്ലാ സി എൽ സി പ്രവർത്തകർക്കും അതിരൂപത സി എൽ സി യുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**അസി** പ്രമോട്ടർ

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി

# KCSL

## 1. KCSL അതിരൂപതാ വാർഷികം

KCSL അതിരൂപതാ വാർഷികം KCSL ദിനാചരണവും ഡിസംബർ 5ന് നടന്നു. അതിരൂപതാ ഡയറക്ടർ റവ. ഡോ. ആന്റണി ചെമ്പക

ശ്ശേരി സന്ദേശം നൽകി. അതിരൂപതാ പ്രസിഡന്റ് സെമിറ്റോ മാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. ഓൺലൈനായാണ് സമ്മേളനം സംഘടിപ്പിച്ചത്.

2. **ബൊക്കെ ഓൺലൈൻ മാസിക**
   KCSL തൃശൂർ അതിരൂപത വിദ്യാർത്ഥി മാസികയായ ബൊക്കെ ഓൺലൈനായി പ്രസിദ്ധീകരിച്ചുവരുന്നു. കോവിഡ് പശ്ചാത്തലത്തിൽ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് വിതരണം നടത്താൻ സാധിക്കാത്ത സാഹചര്യത്തിലാണ് മാസിക ഓൺലൈനായി പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. ഡിസംബർ – ജനുവരി ലക്കം വായനയ്ക്ക് സജ്ജമാണ്. സൈറ്റ് അഡ്രസ്സ് : kcsltrichur.online.
   വിദ്യാർത്ഥികളുടെ രചനകൾക്കു മാത്രമായി ബൊക്കെ മാസികയിൽ സർഗ്ഗവേദി എന്ന ഒരു പംക്തി ഉൾപ്പെടുത്തിയിട്ടുണ്ട്. വായനക്കാർക്ക് ലൈക്കുകളും അഭിപ്രായങ്ങളും രേഖപ്പെടുത്താൻ അവസരങ്ങളുണ്ട്. കൂടുതൽ ലൈക്കുകളും ലഭിക്കുന്ന വിദ്യാർത്ഥികളുടെ രചനയ്ക്ക് സർഗ്ഗപ്രതിഭ പുരസ്കാരം നൽകുന്നു.
3. **ബൊക്കെ ഒക്ടോബർ – നവംബർ ലക്കം സർഗ്ഗപ്രതിഭ**
   ഒക്ടോബർ – നവംബർ ലക്കം ബൊക്കെയിൽ പ്രസിദ്ധീകരിച്ച വിദ്യാർത്ഥികളുടെ രചനകളിൽനിന്ന് വിദ്യാർത്ഥികൾ തിരഞ്ഞെടുത്ത സർഗ്ഗപ്രതിഭ ക്രിസ്റ്റീന മരിയ ജോൺസൺ, സെന്റ് തെരെസാസ് ജി.എച്ച്. എസ്. ബ്രഹ്മകുളം. സർഗ്ഗപ്രതിഭയ്ക്ക് അഭിനന്ദനങ്ങൾ.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

1. **ക്രിസ്തുമസ് മത്സരങ്ങൾ**
   ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി സംഘടിപ്പിച്ച പുൽക്കൂട്, ക്രിസ്തുമസ് കാർഡ്, ക്രിസ്തുമസ് ക്രാഫ്റ്റ്സ് മത്സരങ്ങളിൽ പങ്കെടുത്തവർക്കും സമ്മാനാർഹരായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. കുട്ടികളെ പ്രോത്സാഹിപ്പിച്ച അധ്യാപകർക്കും മാതാപിതാക്കൾക്കും ചിൽഡ്രൻസ് മിനിസ്ട്രി ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി.

**ക്രിസ്തുമസ് മൽസരങ്ങളിൽ വിജയികളായവർ**

1. **ക്രിസ്തുമസ് കാർഡ് മൽസരം**

A grade

1. കെൽവിൻ ഡേവിസ് – നെല്ലങ്കര
2. അൽന മരിയ റോബിൻ– വേലൂപ്പാടം
3. അഡോൺ പ്രദീപ് – പുതുക്കാട്
4. അൽന മരിയ ജോഷി – കുരിയച്ചിറ
5. ഷാനറ്റ് ഷാന്റോ – പുറനാട്ടുകര
6. ഫെർണാണ്ടോ ജെസ്റ്റിൻ – ബ്രഹ്മകുളം
7. അന്ന മരിയ ബാബു – ചൊവ്വന്നൂർ
8. സാന്ദ്രിയ. എൻ.ഡി – നോർത്ത് കാരമുക്ക്
9. അലൻ റിന്റോ – നെല്ലങ്കര
10. ആൻ മരിയ ഷാജു– പള്ളിക്കുന്ന്

B grade

1. ജോറിസ് വി. ജോർജ് – പൂത്തറക്കൽ
2. ലിസ്മേരി. എം. എൻ – പേരകം
3. അനുഗ്രഹ ജോർജ് – പറപ്പൂർ
4. ആൻറിയ ബ്ലെയ്സ് – അരണാട്ടുകര
5. നിമിയ റോസ് – വരടിയം
6. ജീവ ജോയ് – സ്നേഹപുരം
7. അമൽ കാർമൽ – കോനിക്കര
8. നിത്യമരിയ. പി.വി – സെന്റ് മേരീസ് യുപി സ്കൂൾ, ചിയ്യാരം
9. ഏബിൾ ജെ. തേറാട്ടിൽ– അരണാട്ടുകര
10. മരിയ അഗസ്റ്റിൻ – പഴയന്നൂർ
11. ഏയ്ഞ്ചൽ റോസ് – തൊയക്കാവ്
12. ഏണസ്റ്റ് എഡ്വേർഡ് – പറപ്പൂർ.

2. **ക്രിസ്തുമസ് ക്രാഫ്റ്റ് മൽസരം**

I$^{st}$ - ഡെറിൻ കെ. നെറിഷ് – കുറ്റൂർ

II$^{nd}$- ബെൻ റാഫേൽ ബെന്നി – ചിയ്യാരം വിജയമാത

II$^{nd}$- ബ്ലിസ് മരിയ ബസാനിയോ – മുണ്ടൂർ

II$^{nd}$- ജിയ മരിയ. പി.ജെ – പനമുക്ക്

III$^{rd}$- അന്ന റോയ്– തലക്കോട്ടുകര

III$^{rd}$-ആൻ റോസ് ഡേവിസ് – തിരൂർ

III$^{rd}$-ആൻലിയ പി. ഷാജി – കുറ്റൂർ

**പ്രോത്സാഹന സമ്മാനങ്ങൾ**

1 – ബെസ്റ്റിൻ ബ്ലെയ്സ – അരണാട്ടുകര

2 – ഏഞ്ചലിൻ പ്രദീപ് – പുതുക്കാട്

3 –  ജീവ കെ.ഒ – പാത്രമംഗലം

3. **ക്രിസ്തുമസ് പുൽക്കൂട് മൽസരം**

I$^{st}$ - അലൻ ജെ – അത്താണി

II$^{nd}$- ഹെയ്ൽവിയ ബി – കോട്ടപ്പടി

II$^{nd}$- അഭിഷിക്ത് ജിജി – മുളയം

II$^{nd}$-ലെന റോസ് – പുറനാട്ടുകര

III$^{rd}$-  അഷേർ  – നെന്മണിക്കര

III$^{rd}$-അനേയ അനിൽ– മഡോണ നഗർ

III$^{rd}$-അനീന വി – പുറനാട്ടുകര

**പ്രോത്സാഹന സമ്മാനം**

1 – സിൽബും എസ്. എസ് – ഒളരി

2 –  അജിൻ രാജു – ഒല്ലൂർ

2. സമ്മാനവിതരണം

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനവിതരണം ഈ കോവിഡ് പശ്ചാത്തലത്തിൽ, ഇടവകതലത്തിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സമ്മാനങ്ങൾ ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഒഫീസിൽ നിന്നും ഫെബ്രുവരി ഒന്നുമുതൽ ലഭിക്കുന്നതാണ്. ഇടവകയിലെ ഉത്തരവാദിത്തപ്പെട്ടവർ സമ്മാനങ്ങൾ കൊണ്ടുപോകേണ്ടതാണ്.

2. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: “നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിക്കുവിൻ” (LK 6 : 36).

സുകൃതജപം: കർത്താവേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം എന്നോട് കരുണതോന്നണമേ.

പ്രാർത്ഥനാ നിയോഗം: ദൈവത്തിന്റെ കരുണ എല്ലാവർക്കും അനുഭവവേദ്യമാകുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

പ്രവർത്തിക്കാൻ: ഈ നോമ്പാചരണകാലഘട്ടത്തിൽ, എല്ലാവരോടും കരുണയുള്ളവരായിരിക്കുവാൻ പരിശ്രമിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: കർത്താവിന്റെ പീഠാനുഭവത്തിൽ പങ്കുചേർന്ന്, കർത്താവിന്റെ അഞ്ചുതിരുമുറിവുകളെ സ്വന്തം ശരീരത്തിൽ ഏറ്റുവാങ്ങിയ റിച്ചിയിലെ വി. കാതറിൻ. തിരുനാൾ ദിനം–ഫെബ്രുവരി 13.

**സി. ബീന റോസ്**
എസ്.എസ്.പി.സി.
കോർഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

1. **സംയുക്ത എക്സിക്യൂട്ടീവ് – ഡിസംബർ 27**

തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതിയുടെ സംയുക്ത എക്സിക്യൂട്ടീവ് 2020 ഡിസംബർ 27 ന് പാസ്റ്ററൽ സെന്ററിൽ അരങ്ങേറി. ഡയറക്ടറച്ചൻ അർപ്പിച്ച ദിവ്യബലിയോടു കൂടിയാണ് പരിപാടികൾ ആരംഭിച്ചത്. പൊതുസമ്മേളനം മോൺ. ജോസ് വല്ലൂരാൻ സമുചിതമായി ഉദ്ഘാടനം ചെയ്തു. മുൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കുള്ള മെമന്റോകളും ഓൺലൈൻ മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും അച്ചൻ വിതരണം ചെയ്യുകയുണ്ടായി. പ്രസിഡന്റ് സി.പി. ഡേവീസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടറച്ചൻ ആമുഖപ്രഭാഷണം നടത്തി. പി.ആർ.ഒ. ശ്രീ. ജോസ് വടക്കേത്തല പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മുൻ പ്രസിഡന്റ് എം.കെ. ബാബു, വൈസ് പ്രസിഡന്റ് കൊച്ചുവർക്കി തരകൻ തുടങ്ങിയവർ പ്രഭാഷണങ്ങളിലൂടെ ചടങ്ങ് സമ്മോഹനമാക്കി. പ്രശസ്ത സംഗീതജ്ഞൻ ഫാ. ഡോ. പോൾ പൂവ്വത്തിങ്കൽ CMI, ശ്രീ. രാജു പോൾ എന്നിവരെ പ്രത്യേകം ആദരിച്ചു. പ്രസിഡന്റ് 2021 ലെ പ്രവർത്തനങ്ങളുടെ കരടു രൂപം അവതരിപ്പിച്ചത് ഏവർക്കും സ്വീകാര്യമായി. മുൻ വനിതാ പ്രസിഡന്റ് പ്രൊഫ. അന്നം ജോണിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. സെക്രട്ടറി ശ്രീ. ടി.എസ്. എബ്രഹാം കൃതജ്ഞതാപ്രകാശനം നടത്തി. സ്നേഹവിരുന്നോടു കൂടിയാണ് സമ്മേളനം സമാപിച്ചത്.

2. **ആദരാഞ്ജലികൾ**

**1.** തൃശൂർ മദ്യവിരുദ്ധസമിതിയുടെ മുൻഡയരക്ടർ ബഹു. ജോജു പനയ്ക്കലിന്റെ പ്രിയ മാതാവിന്റെ (പനയ്ക്കൽ അന്തോണി ഭാര്യ അച്ചായി) മരണത്തിൽ അതിരൂപത മദ്യവിരുദ്ധസമിതിക്കുള്ള അനുശോചനം അറിയിക്കുന്നു. പരേതയുടെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**2.** തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതിയുടെ എക്സിക്യൂട്ടീവ് അംഗം ശ്രീമതി ആനിയുടെ സഹോദരി കല്ലിങ്ങൽ ജോണി ഭാര്യ മറിയാമ്മയുടെ മരണത്തിൽ അനുശോചനമറിയിക്കാൻ ശ്രീ. സി.പി. ഡേവീസ്, ശ്രീ. ജോസ് വേലൂക്കാരൻ, ശ്രീ. ജോസ് വടക്കേത്തല തുടങ്ങിയവർ പരേതയുടെ വസതിയിൽ ചെന്ന് ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിച്ചു.

**3. കോടന്നൂർ ബാർ വിരുദ്ധ സമരം**

കോടന്നൂരിൽ വർഷങ്ങളായി തുടരുന്ന ജനകീയ സമരത്തിന്റെ 4258–ാം ദിവസം 2021 ജനുവരി 10–ാം തീയതി വിവിധ പരിപാടികളോടെ ജാഗ്രത സദസ്സ് സംഘടിപ്പിച്ച് അർത്ഥവത്തും ചരിത്രസംഭവവുമാക്കി. കോടന്നൂർ പള്ളി വികാരി ഫാ. ബൈജു കാഞ്ഞിരത്തിയങ്കലാണ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തത്. ഈ സമരത്തിന്റെ എല്ലാ ഘട്ടങ്ങളിലും മുൻനിരയിൽ പ്രവർത്തിച്ചു വരുന്ന ഒരു വിഭാഗമാണ് മദ്യവിരുദ്ധസമിതി. പത്താം തീയതിയിലെ സമ്മേളനത്തിൽ സി.പി. ഡേവീസ്, ജോസ് വടക്കേത്തല, ജോൺസൺ കുന്നംപിള്ളി, അഖിൽ പോൾ, ഐ.എ. സിജു തുടങ്ങിയവർ പ്രസംഗിച്ചു. ഒരു കാരണവശാലും കോടന്നൂരിൽ ബാർ തുറക്കാൻ അനുവദിക്കില്ലെന്ന ഉറച്ച നിലപാടിലാണ് പൗരസമിതി.

| | |
|---|---|
| **ശ്രീ. ജോസ് വടക്കേത്തല** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| പി.ആർ.ഒ. | ഡയറക്ടർ |

PAROC
Pastoral Animation Research & Outreach Centre

**1. നവവൈദികർക്കായുള്ള പരിശീലനപരിപാടി**

അതിരൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്കുവേണ്ടിയുള്ള Initiation Program ഏറ്റവും പ്രാധാന്യം അർഹിക്കുന്നതും ഉപകാരപ്രദവുമായ വിഷയങ്ങൾ ഉൾപ്പെടുത്തികൊണ്ട് പറോക് പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 2021 ജനുവരി 24 മുതൽ 27 വരെ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടത്തുകയുണ്ടായി. അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും നടത്തുന്ന ശുശ്രൂഷകളിൽ വൈദികരെന്ന നിലയിൽ എങ്ങനെ പങ്കാളികളാകാം, വൈദികകൂട്ടായ്മ എങ്ങനെ പരിപോഷിപ്പിക്കാം, വൈദിക ജീവിതത്തിലെ പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്യാം എന്ന വിഷയങ്ങൾ ചർച്ച ചെയ്തു. 16 നവവൈദികരും പങ്കെടുത്തു.

**2. സാമൂഹികസാമ്പത്തിക പഠനം കേരള സഭയിൽ**

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ കേരളക്രൈസ്തവരുടെ സാമൂ

ഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കാനൊരുങ്ങുകയാണല്ലോ. കേരളത്തിലെ കത്തോലിക്കാ രൂപതകൾ ഈ പശ്ചാത്തലത്തിൽ, സാമ്പിൾ സർവ്വേയിലൂടെയും കേസ് സ്റ്റഡികളിലൂടെയും ക്രൈസ്തവരുടെ യഥാർത്ഥ സാമൂഹിക-സാമ്പത്തിക സ്ഥിതി പഠിക്കുന്നു. ഈ പഠനത്തിന് പറോക്ക് ഗവേഷണകേന്ദ്രം പരിശീലനങ്ങളിലൂടെയും വിശകലനങ്ങളിലൂടെയും സഹായങ്ങൾ നല്കുന്നു. സീറോ-മലബാർ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ, കെ.സി.ബി.സി സെക്രട്ടറിയേറ്റ് എന്നിവ നേതൃത്വം നല്കുന്നു. അതുമായി ബന്ധപ്പെട്ട് പറോക് ഗവേഷണകേന്ദ്രം വിവിധ രൂപതകളിൽ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. സർവ്വേ ചോദ്യാവലി തയ്യാറാക്കി.

**പറോക് പരിശീലന പരിപാടിയിൽ പങ്കെടുത്ത രൂപതകൾ**

ഡിസംബർ 27, ചങ്ങനാശ്ശേരിയിൽ വെച്ച്: ചങ്ങനാശ്ശേരി, പാല, കാഞ്ഞിരപ്പിള്ളി, കോട്ടയം. തലശ്ശേരിയിൽ വെച്ച്: തലശ്ശേരി, മാനന്തവാടി, താമരശ്ശേരി. ഡിസംബർ 28, തൃശ്ശൂരിൽ വെച്ച്: ഇരിങ്ങാലക്കുട, പാലക്കാട്, തൃശ്ശൂർ. ഡിസംബർ 29, കോതമംഗലത്തു വെച്ച്: ഇടുക്കി, കോതമംഗലം.

ബിഷപ് മാർ ടോണി നീലങ്കാവിൽ, ഫാ. സൈജൊ തൈക്കാട്ടിൽ, ഫാ. അലക്സ് മരോട്ടിക്കൽ, ഫാ. ബിൽജു വാഴപ്പിള്ളി, ഫാ. സാജൻ മാറോക്കി, പ്രൊഫ. പീറ്റർ എം രാജ്, പ്രൊഫ. സൈമൺ തട്ടിൽ എന്നിവർ പരിശീലനങ്ങൾക്ക് നേതൃത്വം നല്കി.

3. **സാമൂഹിക-സാമ്പത്തിക പഠനം അതിരൂപതയിൽ**

പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച്, തൃശ്ശൂർ അതിരൂപതയുടെ സാമൂഹിക-സാമ്പത്തിക പഠനത്തെക്കുറിച്ച് പര്യാലോചിക്കാൻ ഒരു യോഗം ജനുവരി 7 ന് ബിഷപ്സ് ഹൗസിൽ വെച്ച് കൂടുകയുണ്ടായി. തൃശ്ശൂർ അതിരൂപതയിൽ പ്രത്യേകം പരിഗണിക്കപ്പെടേണ്ട പഠനവിഷയങ്ങളെ കണ്ടെത്താനും സർവ്വേയുടെ തുടർനടപടികൾ എന്താണെന്ന് ചർച്ചചെയ്യാനും സംഘടിപ്പിക്കപ്പെട്ട മീറ്റിംഗിൽ പതിനഞ്ചോളം അംഗങ്ങൾ പങ്കെടുത്തു.

4. **അടാട്ട് ഇടവകയിൽ സാമൂഹ്യ-അജപാലന പഠനം**

പറോക് ഡാറ്റാ സെന്ററിന്റെ നേതൃത്വത്തിൽ അടാട്ട് ഇടവകയിൽ സാമൂഹ്യ-അജപാലന പഠനം പൂർത്തിയായി. ഇടവകയിലെ 11 കുടുംബകൂട്ടായ്മകളിൽ 2020 ഡിസംബർ 13, 20 തിയതികളിൽ അതതു കുടുംബകൂട്ടായ്മകളെ സംബന്ധിക്കുന്ന സർവ്വേഫലങ്ങൾ അവതരിപ്പിക്കുകയും തുടർന്ന് ഇടവകയുടെ സമഗ്രമായ വളർച്ചയ്ക്ക് കാര്യമായ സംഭാവന നല്കാൻ കഴിവുള്ള ഏതാനും പ്രവർത്തനമേഖല

കൾ തെരെഞ്ഞെടുക്കുകയും അവ നടപ്പിലാക്കുന്നതിന് സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുക്കുകയും ചെയ്തു. പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വികാരി ഫാ. ജോബി പുത്തൂരിനും ഇടവകയിലെ സർവ്വേ ടീമംഗങ്ങൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

5. **പാവറട്ടി ഇടവകയിൽ സാമൂഹ്യ–അജപാലന പഠനം**
പറോക് ഡാറ്റാ സെന്ററിന്റെ നേതൃത്വത്തിൽ പാവറട്ടി ഇടവകയിൽ സാമൂഹ്യ അജപാലന പഠനം ആരംഭിക്കുന്നു. ഇടവകയിലെ കുടുംബകൂട്ടായ്മകളിലെയും സംഘടനകളിലെയും ഭാരവാഹികളും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുമായി പ്രാരംഭ മീറ്റിംഗ് ജനുവരി 09 ന് പാവറട്ടി പാരിഷ് ഹാളിൽ വെച്ച് നടത്തപ്പെടുകയുണ്ടായി.

6. **അനുമോദനങ്ങൾ**
പറോക് ഗവേഷണകേന്ദ്രത്തിന്റെ ഗവേഷണവിഭാഗം കോർഡിനേറ്റർ ഡോ. ബിൽജു വാഴപ്പിള്ളി, ലിറ്റർജി അനുദിനജീവിതത്തിൽ ഒരാമുഖം എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. ബ. ബിൽജു അച്ചന് അഭിനന്ദനങ്ങൾ.

7. **കേരളക്രൈസ്തവരുടെ സാമൂഹിക–സാമ്പത്തിക പഠനം**
കേരളക്രൈസ്തവരുടെ സാമൂഹിക–സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള പഠനത്തിന് സഹായകമായ വിധത്തിൽ ഒരു മാർഗ്ഗരേഖ പുറത്തിറക്കി. പറോക് ഗവേഷണകേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ റവ. ഫാ. സൈജോ തൈക്കാട്ടിൽ, പ്രൊഫ. പീറ്റർ എം രാജ്, ഫാ. സാജൻ മാറോക്കി, ഫാ. ജെറിൻ അരിമ്പൂർ എന്നിവരുടെ നേതൃത്വത്തിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയത്.

8. **ഫാ. ജെറിൻ അരിമ്പൂരിന് സ്വാഗതം**
പറോക്ക് അജപാലന ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ സഹായിയായി ബഹു. ഫാ. ജെറിൻ അരിമ്പൂർ ഒക്ടോബർ 28–ാം തിയതി ചാർജെടുത്തു. ഗവേഷണകേന്ദ്രത്തിന്റെ ഓഫീസിന്റെയും അക്കാഡമിക് പ്രോഗ്രാമുകളുടെയും ചുമതലയാണ് ബ. ജെറിനച്ചൻ വഹിക്കുന്നത്.

ഫാ. ബിൽജു വാഴപ്പിള്ളി
ഫാ. സൈജോ തൈക്കാട്ടിൽ
ഫാ. സാജൻ പിണ്ടിയാൻ
ഫാ. സാജൻ മാറോക്കി
ഫാ. ജെറിൻ അരിമ്പൂർ
*കോർഡിനേറ്റേഴ്സ്*

# PACT



1. **അജപാലന പദ്ധതി 2020–21 ഇടവകകളിൽ**

   2020–21 വർഷത്തിൽ ഇടവകകളിൽ നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന അജപാലന പദ്ധതിയുടെ മാർഗ്ഗരേഖ പാക്ട് ഫൊറോന കൺവീനർമാരുടെ നേതൃത്വത്തിൽ ഇടവകകളിൽ 2020 ഡിസംബർ മാസത്തിൽ ലഭ്യമാക്കുകയും അജപാലന പദ്ധതിയുടെ രൂപീകരണത്തിന് ആവശ്യമായ പരിശീലനം നല്കുകയും ചെയ്തു. ഇനിയും ഈ പരിശീലന പദ്ധതി നടപ്പിലാക്കാത്ത ഇടവകകളിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഫൊറോന കൺവീനർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ ശ്രമിക്കുമല്ലോ? ഇടവകകളിൽ തയ്യാറാക്കിയ അജപാലന പദ്ധതിയുടെ ഒരു കോപ്പി അതിരൂപത പാക്ട് ഓഫീസിൽ ഫെബ്രുവരി മാസം 28–ാം തിയ്യതിക്കുമുമ്പ് സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2. **ഫാ. ജെറിൻ അരിമ്പൂരിന് സ്വാഗതം**

   അതിരൂപത പാക്ട് പ്രവർത്തനങ്ങളിൽ സഹായിയായി ബ. ഫാ. ജെറിൻ അരിമ്പൂർ ചുമതലയേറ്റു. പാക്ട് മീഡിയയുടെയും പാക്ട് പ്രസിദ്ധീകരണങ്ങളുടേയും ചുമതലയാണ് ബഹുമാനപ്പെട്ട ജെറിൻ അച്ചൻ വഹിക്കുന്നത്.

**ഫാ. സൈജോ തൈക്കാട്ടിൽ**
കോർഡിനേറ്റർ

## തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള

# നവവൈദികർ

ആശംസകളോടെ, അതിരൂപത കുടുംബം



ഫാ. ആളൂക്കാരൻ കെൽവിൻ CMI
ഇരവിമംഗലം



ഫാ. അറയ്ക്കൽ സിന്റോ OFM.Cap.
പേരകം



ഫാ. അറയ്ക്കപ്പാടൻ ഫ്രാങ്കോ TOR
അരണാട്ടുകര



ഫാ. അറയ്ക്കപ്പറമ്പിൽ ജോമോൻ CMI
വേലൂപ്പാടം



ഫാ. അറങ്ങാശ്ശേരി ലിൻജോ CMI
പറപ്പൂർ



ഫാ. ചിരിയങ്കത്ത് ടിജോ CMI
വരന്തരപ്പിള്ളി ഈസ്റ്റ്



ഫാ. ഇമ്മട്ടി ആന്റോ CMI
വില്ലടം



ഫാ. കണ്ണംമ്പുഴ അഖിൽ
*(പാലക്കാട് രൂപത)* അരിമ്പൂർ



ഫാ. കാരോട്ടുപറമ്പിൽ
വിന്തോഷ്, OFM.Cap., പൊന്നൂക്കര



ഫാ. കൊമ്പൻ അൽജോ CMI
തലോർ



ഫാ. കുറ്റിക്കാട്ട് ഷിജോ CMI
ചെമ്മണ്ണൂർ



ഫാ. മുളയ്ക്കൽ ബിനോയ് CMI
എടക്കളത്തൂർ



ഫാ. പാണ്ടിയാമ്മാക്കിൽ ജോബിഷ് SDV
വെട്ടുകാട്



ഫാ. പൊടിമറ്റത്തിൽ ഷാന്റോ Sch.P
വള്ളാനിക്കോട്



ഫാ. പൊറുത്തൂർ ജീവൻ
ജോസഫ് CMI, പറപ്പൂർ



ഫാ. പുത്തൂർ ആൻജോ CMI
വിയ്യൂർ



ഫാ. താണിക്കൽ ജസ്റ്റിൻ MSFS
പുത്തൻപീടിക



ഫാ. വാഴപ്പിള്ളി മേജോ
*(കല്യാൺ രൂപത)* പറപ്പൂർ



ഫാ. വെന്നൂക്കാരൻ ഫ്രിജോ CMI
നെല്ലങ്കര

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2021
February- 2021

## തൃശ്ശൂർ അതിരൂപതയിലെ

# നവവൈദികർ

ആശംസകളോടെ, അതിരൂപത കുടുംബം



ഫാ. അക്കരപ്പട്ട്യേക്കൽ നിർമ്മൽ
ആമ്പക്കാട്



ഫാ. അറയ്ക്കൽ സ്റ്റീഫൻ
പഴുവിൽ



ഫാ. ചെമ്മണ്ണൂർ ലിബിൻ
കോട്ടപ്പടി



ഫാ. ചിറ്റിലപ്പിള്ളി അജിത്
തിരൂർ



ഫാ. ചുങ്കത്ത് മിഥുൻ
വിജയപുരം, ചേറൂർ



ഫാ. മങ്ങാട്ടിളയൻ ജോമോൻ
തിരൂർ



ഫാ. മഞ്ഞളി ബിനോയ്
മരത്താക്കര



ഫാ. മാപ്രാണി അലക്സ്
ഒല്ലൂർ



ഫാ. മുക്കടയിൽ ജിൻസൺ
വെള്ളാനിക്കോട്



ഫാ. മുത്തിപ്പീടിക മേജോ
വല്ലച്ചിറ



ഫാ. നെല്ലങ്കര ജിതിൻ
അരിമ്പൂർ



ഫാ. പടിഞ്ഞാക്കര അഭിജിത്ത്
ചിയ്യാരം, വിജയമാത



ഫാ. താണിക്കൽ ജോമോൻ
പുതുക്കാട്



ഫാ. ഊക്കൻ സിബിൻ
തലോർ



ഫാ. ഊക്കൻ തോമസ്
അരിമ്പൂർ



ഫാ. വടക്കേത്തല മിഥുൻ
നോർത്ത് കാരമുക്ക്

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor